വാല്യം 6 • ലക്കം 11 • ജൂലൈ 2024 • വില: 18 രൂപ

# വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ



## ആഗ്രഹം

പ്രത്യേക പതിപ്പ്



LINEN PARK®

SHIRTS • TROUSERS • FABRICS

By

RAMRAJ

## Breeze Through Summer in Style

Beat the heat in style with the lightweight & breathable Linen Park, pure linen shirts from Ramraj.



SCAN QR CODE FOR STORE LOCATION

Available at Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in

RAMRAJ

എങ്ങനെ ആഗ്രഹിക്കണം?
എന്തെല്ലാം ആഗ്രഹിക്കണം?
ഏത് ആഗ്രഹങ്ങൾ ഉപേക്ഷിക്കണം?
എല്ലാത്തിനും വഴികാട്ടുന്ന



വെണ്മ
പ്രത്യേക പതിപ്പ്
താങ്കൾക്ക് നൽകുന്നതിൽ
അഭിമാനമുണ്ട്.

# ആഗ്രഹം ഒരു നല്ല വികാരമാക്കുക....

## പ്രിയരെ

കടലിലെ ഓളവും കരളിലെ മോഹവും അടങ്ങുകില്ല എന്ന് കവി പറയുന്നു. ആശകളില്ലാത്ത മനസ്സും ഓളങ്ങൾ അടിക്കാത്ത കടലും ഇല്ലെന്നു പൂർവികർ പറയുന്നു. ജീവിതം മുഴുവൻ ചെറുതും വലുതുമായ ആഗ്രഹങ്ങൾ എപ്പോഴും അലയടിക്കുന്നു. കരയിൽ നിന്ന് കാൽ നനച്ചു കൊണ്ടിരുന്നാൽ അലകൾ നിങ്ങളെ ബാധിക്കില്ല. നമ്മുടെ കഴിവ് അറിഞ്ഞ് ആവശ്യത്തിനനുസരിച്ച് കഠിനമായി അധ്വാനിച്ച് നാം പൂർത്തീകരിക്കുന്ന നമ്മുടെ ആഗ്രഹങ്ങൾ നമുക്ക് വലിയ സന്തോഷം നൽകും. അതേസമയം അലകളിൽ കുടുങ്ങാതെയും ആർത്തി ബാധിക്കാതെയും കഴിയാൻ നാം കരുതൽ എടുക്കണം.

സ്വാർത്ഥമായ ആഗ്രഹങ്ങളെപ്പറ്റി ഒരു നർമ്മകഥയുണ്ട്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഒരു മാനേജർ, സുപ്പർവൈസർ, സെയിൽസ് റെപ്രസെന്റേറ്റീവ് എന്നിവർ ഒരുമിച്ചു ഊണ് കഴിക്കുകയാണ്. എത്ര കടകളിൽ പോയാലും കാര്യമായ ഓർഡർ ഒന്നും ലഭിക്കുന്നില്ല എന്ന് സെയിൽസ് റെപ്രസെന്റേറ്റീവ് പരിതപിച്ചു. ''ഇവിടെ ആരും നന്നായി ജോലി ചെയ്യുന്നില്ല. ചോദിച്ചാൽ അവർ ഓരോ കാരണങ്ങൾ നിരത്തും. ജോലി എങ്ങനെ പൂർത്തീകരിക്കാനാവും എന്നതിന് അവർക്ക് ഉത്തരമില്ല. അതു കൊണ്ട് ജോലി ചെയ്യിക്കാ േന പറ്റുന്നില്ല, സുപ്പ ർവൈസർ പരാതിപ്പെട്ടു..''ജോലി ചെയ്യാൻ അറിയാത്ത നിങ്ങളെ വച്ച് ഞാൻ എന്ത് ചെയ്യാനാണ് ''എന്ന് മാനേജർ അവരെ കുറ്റപ്പെടുത്തി.

വല്ലാത്ത വിഷമത്തോടെ അവർ സംസാരിക്കുമ്പോൾ അവർക്കിടയിലേക്ക് ഒരു ഭൂതം കയറിവന്നു. ''എന്തിനാണ് നിങ്ങൾ ഇങ്ങനെ കഷ്ടപ്പെട്ടു ജോലി ചെയ്യുന്നത്. നിങ്ങളുടെ ആഗ്രഹം പറയുക. ഞാൻ അത് നിറവേറ്റി തരാം. ഒരേ ഒരു ഉപാധി മാത്രം. ഒരാൾ ഒരു ആഗ്രഹമേ പറയാവൂ. ഭൂതത്തെ കണ്ടതും നിങ്ങൾ എങ്ങനെ അകത്തു കയറി എന്ന് മാനേജർ ചോദിച്ചു. സെക്യൂരിറ്റി ഉറങ്ങുകയായിരുന്നോ'', അദ്ദേഹം ചോദിച്ചു. ''അയാൾ ലണ്ടനിൽ പോകാൻ ആഗ്രഹിച്ചു ഞാൻ അത് കാണാൻ അയാളെ അങ്ങോട്ട് വിട്ടിരിക്കുകയാണ്', ഭൂതം പറഞ്ഞു. അത് കേട്ടതും മൂവരും വല്ലാതെ പേടിച്ചു പോയി.

ഭീതിയിൽ നിന്ന് ഉണർന്ന സൂപ്പ ർവൈസർ ഭൂതത്തോട് ഒരു വരം ചോദിച്ചു. ' എല്ലാ ആഗ്രഹവും സാധിച്ചു തരുന്ന പ്രിയ ഭൂതമേ, ഞാൻ ഒരു വരം ചോദിക്കട്ടെ'',എന്ന് പറഞ്ഞു അയാൾ കൈയോടെ തന്റെ ആഗ്രഹം പറഞ്ഞു. ''ഇവിടെ എപ്പോഴും നല്ല വെയിലാണ്. അത് കൊണ്ട് എന്നെ അമേരിക്കയിൽ നയാഗ്ര നദിക്കരയിൽ കൊണ്ടു പോകണം ',അത് കേട്ടതും അയാളെ ഭൂതം നയാഗ്ര നദിക്കരയിൽ എത്തിച്ചു. ഉടനെ സെയിൽസ് റെപ്രസെന്റേറ്റീവ് ഇവിടെ വലിയ ജോലിയാണ്. അത് കൊണ്ടു എന്നെ മാലദ്വീപിൽ ഒരു ബംഗ്ലാവിൽ എത്തിക്കണം അവിടെ എന്നെ സഹായിക്കാൻ ഒട്ടേറെ ഭൃത്യന്മാരും വേണം'. ഭൂതം ആ ആഗ്രഹവും നിറവേറ്റി.

അടുത്തത് മാനേജരുടെ ഊഴമായിരുന്നു. എല്ലാവരും സ്ഥലം വിട്ടതിൽ കടുത്ത ദേഷ്യത്തിലായിരുന്ന അയാൾ. ''അടുത്ത ആഴ്ച എംഡിയുടെ മീറ്റിംഗ് ഉണ്ട്. ഇവർ രണ്ടു പേരും ഇങ്ങനെ വിനോദയാത്രക്ക് പോയാൽ ഞാൻ എന്ത് ചെയ്യും? വേഗം അവരെ രണ്ടു പേരെയും തിരികെ കൊണ്ടുവരണം ',അദ്ദേഹം ദേഷ്യപ്പെട്ടു. ആ സെക്യൂരിറ്റിയേയും ഉടനെ ഇവിടെ എത്തിക്കണം. ''അയാൾ ഭൂതത്തോടു പറഞ്ഞു.

ആ വാക്ക് കേട്ട ഭൂതം അത്ഭുതപ്പെട്ടു. അയാൾ പറഞ്ഞ പടി ചെയ്തു സ്ഥലം വിട്ടു. മൂവരും പഴയ പടി ഓഫീസ് ജോലിയിൽ തിരികെ വന്നു '.ഇതാണ് കഥ.

ഒരു നർമ്മകഥയാണ് ഇത്. പക്ഷേ ഇതിൽ എല്ലാവരും തങ്ങളുടെ സ്വാർത്ഥമോഹങ്ങളാണ് പറയുന്നത്. എന്തിന്,അവർ സ്വന്തം കുടുംബത്തിന്റെ കാര്യം പോലും ചിന്തിക്കുന്നില്ല. ആഗ്രഹങ്ങൾ മനുഷ്യർക്ക് സഹജമാണെങ്കിലും അത് നമ്മുടെ ഇടുങ്ങിയ മനസ്ഥിതി പ്രകടിപ്പിക്കുന്നതാകരുത്. എല്ലാവരിലും നല്ലഗുണങ്ങളും ചീത്ത ഗുണങ്ങളും ഉണ്ടാകും. മനുഷ്യ ജീവിതത്തിൽ ഒട്ടിച്ചേർന്നു നിൽക്കുന്ന ഘടകമാണ് ആഗ്രഹം. ആഗ്രഹിക്കുന്ന ഭക്ഷണം, ആഗ്രഹിക്കുന്ന വസ്ത്രം ആഗ്രഹിക്കുന്ന ജീവിതം അങ്ങനെ നമ്മുടെ ജീവിതത്തിൽ അവസാനിക്കാത്ത ആഗ്രഹങ്ങളാണ്. അത് സാധിക്കാതെ തപിക്കുന്നവരാണ് ഭൂരിപക്ഷവും. ആഗ്രഹങ്ങൾ ഇല്ലാതെ ജീവിക്കുക എന്ന് പലരും ഉൽബോധിപ്പിക്കാറുണ്ട് എങ്കിലും അങ്ങനെ നമുക്ക് ജീവിക്കാൻ കഴിയില്ല. എല്ലാവരും അങ്ങനെ ജ്ഞാനികൾ ആയി മാറാൻ പോകുന്നില്ല. അതിന്റെ ആവശ്യവും



ഇല്ല.മനുഷ്യ മുന്നേറ്റത്തിന്റെ ചാലകശക്തി ആഗ്രഹമാണ്.

നെയ്ത്തുകാർ നന്നായി ആഹാരം കഴിച്ചു, നല്ല വസ്ത്രങ്ങൾ ധരിച്ചു, അടിസ്ഥാന ആവശ്യങ്ങൾ പരിഹരിച്ചു സന്തോഷമായി കഴിയണം എന്ന എന്റെ ആഗ്രഹം മൂലമാണ് ഞാൻ രാംരാജ് കോട്ടൺ തുടങ്ങിയത്. അതാണ് എന്നെ കുടുതൽ അധ്വാനിക്കാൻ പ്രേരിപ്പിച്ചത്. ഈ ജോലിയിൽ പൂർണ്ണ ശ്രദ്ധയോടെ അധ്വാനിക്കാൻ സഹായിച്ചത് ആ ചിന്തയാണ്. രാംരാജ് കോട്ടണിലെ ആയിരക്കണക്കിന് ജീവനക്കാരുടെ ആധാരമായ ഈ വ്യവസായം നന്നായി മുന്നോട്ടു പോകണമെന്ന എന്റെ ആഗ്രഹത്തിനു പിന്നിൽ. അതേപോലെ ഇതിന്റെ ഉപഭോക്താക്കൾ എല്ലാവരും സന്തോഷത്തോടെ കഴിയണം എന്ന ആഗ്രഹം മൂലമാണ് ഈ വ്യവസായം ഞാൻ സത്യസന്ധമായി തികഞ്ഞ ആർജ്ജവത്തോടെ മുന്നോട്ടു കൊണ്ടു പോകുന്നത്. സാമൂഹികമായ കാര്യങ്ങളിൽ ഉള്ള എന്റെ താൽപര്യം മൂലം അവധി സമയങ്ങളിൽ അതിന് അനുയോജ്യമായ പ്രവർത്തനങ്ങളിൽ ഞാൻ ഇടപെടുന്നു. ശരിയായ പാതയിൽ സത്യസന്ധമായി മുന്നേറാൻ എന്നെ സഹായിക്കുന്നത് ഈ നല്ല ആഗ്രഹങ്ങളാണ്.

എങ്ങനെയെങ്കിലും വലിയ പണക്കാരൻ ആകണം എന്ന ആഗ്രഹം നമ്മെ സ്വാർത്ഥരാക്കി മാറ്റും. ദീർഘകാലം അങ്ങനെ മുന്നേറാൻ കഴിയില്ല. ചുരുങ്ങിയ കാലത്തേക്ക് വളർച്ച ഉണ്ടാകാം എന്ന് മാത്രം. നല്ല സന്തോഷവും സംതൃപ്തിയും അതിൽ നിന്ന് നമുക്ക് ലഭിക്കില്ല. മറ്റുള്ളവരുടെ വളർച്ചയിൽ ശ്രദ്ധിക്കുമ്പോൾ എന്റെ മനസ് സന്തോഷഭരിതമാകും. എന്റെ കുടുംബത്തിനു സുഖമുണ്ടാകും. വ്യവസായം നന്നായി നടക്കും. ഇതാണ് വിജയത്തിന്റെ രഹസ്യം.



മനുഷ്യജീവിതത്തിൽ ആഗ്രഹം ഒഴിവാക്കാൻ ആർക്കും കഴിയില്ല.ആഗ്രഹത്തെ ശരിയായ പാതയിൽ നയിക്കാൻ നാം മനസ്സിന് വേണ്ട പരിശീലനം നൽകണം. തന്നെ അറിയുന്ന ആത്മീയ പ്രവർത്തനങ്ങളിലൂടെ ആഗ്രഹങ്ങളെ പോസിറ്റീവായി മാറ്റാൻ കഴിയും. സ്വാർത്ഥതയോടെ ചിന്തിക്കാതെ നമ്മുടെ ചുറ്റുമുള്ളവരുടെ ആഗ്രഹങ്ങളും മാനിച്ചു വേണം നാം നമ്മുടെ ആഗ്രഹങ്ങൾ രൂപപ്പെടുത്താൻ.

ഞാൻമാത്രംനന്നായാൽപോരാ,നമുക്ക്ചുറ്റുമുള്ളവരും നന്നാകണം എന്ന് കരുതി വേണ്ട നടപടികൾ കൈക്കൊള്ളുമ്പോൾ നാം അടുത്തവരുടെ ജീവിതത്തിലും പങ്കാളികളായി മാറും. ജീവിതത്തിൽ സ്വന്തം നേട്ടം മറന്നു മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കാൻ വേദാദ്രി മഹർഷിയുടെ ആത്മീയ പരിശീനനങ്ങൾ എന്നെ സഹായിച്ചു. ശരിയായ ആത്മീയ അന്വേഷണം നടത്തിയാൽ ആഗ്രഹങ്ങൾക്ക് അടിമയാകാതെ ശരിയായി കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയും. ആഗ്രഹങ്ങളെ പോസിടീവായ ഒരു വികാരമായി മാറ്റാനുള്ള മാർഗങ്ങളെ ഇത്തവണ വെണ്മ പുതിയകാഴ്ച്ചകൾ പ്രത്യേക പതിപ്പ് പഠിപ്പിക്കുന്നു.ഇത് നിങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റം വരുത്തും എന്ന് ഞാൻ കരുതുന്നു.

എല്ലാവർക്കും സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ടു.

**കെ ആർ നാഗരാജൻ**
**സ്ഥാപകൻ**
**രാംരാജ് കോട്ടൺ**



# എങ്ങനെ ആഗ്രഹിക്കണം?

ഒരു മഠം നാട്ടിലുള്ള എല്ലാ ക്ഷേത്രങ്ങളുടെയും ഭരണം നടത്തിപ്പോന്നു. അവരുടെ ഭരണത്തിൻ കീഴിൽ ഉള്ള ഒരു മലയടിവാരത്തുള്ള ഒരു ക്ഷേത്രത്തിൽ ഒരാൾ പൂജാരിയായി ജോലി നോക്കിയിരുന്നു. പൂജാരി മഠാധിപതിക്ക് ഒരു കത്തെഴുതി, ''ഇവിടുത്തെ ക്ഷേത്രത്തിൽ ധാരാളം അറ്റകുറ്റപ്പണികൾ ചെയ്യണം. ഇപ്പോൾ ഒട്ടേറെ ഭക്തർ സ്വാമി ദർശനത്തിനായി എത്തുന്നുണ്ട്. അത് കൊണ്ടു എന്നെ സഹായിക്കാൻ ഒരാളെ കൂടി ഇങ്ങോട്ട് അയക്കണം '.

ഗുരു ഈ കത്ത് ശിഷ്യന്മാർക്കു നടുവിൽ ഉച്ചത്തിൽ വായിച്ചു. ''നിങ്ങളിൽ അഞ്ചുപേരെ അങ്ങോട്ട് അയക്കുകയാണ്. '

'അദ്ദേഹം ഒരാളെയാണ് ആവശ്യപ്പെട്ടിരിക്കുന്നത് സ്വാമി എന്തിനാണ് അഞ്ചു പേരെ അങ്ങോട്ട് അയക്കുന്നത്? ',ശിഷ്യരിൽ ഒരാൾ ചൂണ്ടിക്കാട്ടി.

''അങ്ങോട്ടുള്ള വഴി നീണ്ടതും കഠിനവുമാണ്. വഴിയിൽ പല ആകർഷണങ്ങളും ഉണ്ട്. ഒരാൾ എങ്കിലും അവിടെ എത്തിപ്പെട്ടാൽ ഭാഗ്യം ',അദ്ദേഹം സ്വയം ന്യായീകരിച്ചു.

ഇത് മണ്ടത്തരമാണെന്ന് കരുതി ശിഷ്യന്മാർ ചിരിച്ചു

അടുത്ത ദിവസം അഞ്ചു ശിഷ്യന്മാർ മലയടിവാരത്തെ ക്ഷേത്രത്തിലേക്ക് യാത്ര തുടങ്ങി. രണ്ടു ദിവസത്തെ യാത്രക്ക് ശേഷം അവർ ഒരു ഗ്രാമത്തിൽ എത്തി. അവരെ കണ്ട ഗ്രാമത്തലവൻ തങ്ങളുടെ ക്ഷേത്രത്തിലെ പൂജാരി സമാധിയായി എന്നറിയിച്ചു. അവരിൽ ആരെങ്കിലും അവിടെ താമസിച്ചു പൂജ മുടങ്ങാതെ ചെയ്യുമോ എന്ന് അദ്ദേഹം ആരാഞ്ഞു. ''താമസിക്കാൻ വീടും നല്ല ശമ്പളവും തരാം ',അദേഹം അവരോടു പറഞ്ഞു. സമ്പദ്സമൃദ്ധമായ ആ ഗ്രാമം കണ്ടതും ഒരു ശിഷ്യന്റെ മനസ്സിൽ ആശ വളർന്നു, ''ഇതും ക്ഷേത്രം അല്ലെ എന്ന് പറഞ്ഞു ആ ശിഷ്യൻ അവിടെ തങ്ങി. മറ്റുള്ളവർ യാത്ര തുടർന്നു

കുറച്ചു ദിവസങ്ങൾക്കുള്ളിൽ അവർ മറ്റൊരു നാട്ടിൽ എത്തി അവിടെ നായാട്ടിനു വന്ന ഒരു രാജാവ് അവരെ കണ്ടു. അതിൽ നല്ല സൗന്ദര്യവും മിടുക്കും ഉള്ള ഒരു ശിഷ്യനെ കണ്ടു അദ്ദേഹം പറഞ്ഞു, ''ദീർഘകാലമായി ഞാൻ എന്റെ മകൾക്ക് വരനെ തേടുകയാണ്. നിങ്ങൾ അവൾക്കു അനുയോജ്യനാണ് എനിക്ക് ഒരേ ഒരു മകളാണ് നിങ്ങൾ അവളെ സ്വീകരിച്ചാൽ ഭാവിയിൽ രാജാവും ആകാം '.ഇതിലും വലിയ ഭാഗ്യം ആർക്കു കിട്ടാനാണ്. ആ ശിഷ്യൻ വലിയ താൽപര്യത്തോടെ ആ വാഗ്ദാനം സ്വീകരിച്ചു.

മറ്റു മൂവരും യാത്ര തുടർന്നു. ഒരു ഗ്രാമം കടക്കുമ്പോൾ അവർക്ക് കടുത്ത വിശപ്പ്. ക്ഷീണിച്ചു മെലിഞ്ഞു പോയ ഇവരെ കണ്ടു ഒരു വ്യാപാരി വിവരങ്ങൾ ചോദിച്ചറിഞ്ഞു അവർക്ക് അയാൾ അവിടെ വലിയ സദ്യ ഒരുക്കി ഉപചരിച്ചു. വലിയ ബംഗ്ലാവിൽ വ്യാപാരിയും ഭാര്യയും മാത്രമാണ് കഴിഞ്ഞിരുന്നത്. അവരുടെ വിഷമം കണ്ടു ശിഷ്യർ കാരണം ആരാഞ്ഞു, ''ഞാൻ നാട് മുഴുവൻ വ്യാപാരം ചെയ്തു വൻ തുക സമ്പാദിച്ചു. പക്ഷേ ഇത് അനുഭവിക്കാനും വേണ്ട കടമകൾ ചെയ്യാനും ഞങ്ങൾക്ക് ഒരു മകനില്ല. നിങ്ങളുടെ ഗുരു നിങ്ങൾക്ക് നല്ല വിദ്യാഭ്യാസം നല്കിയിരിക്കും.അതിനാൽ നിങ്ങളിൽ ഒരാൾ എന്റെ ദത്തുപുത്രനായി ഇവിടെ കഴിയാമോ? ',അയാൾ ചോദിച്ചു. ഞാൻ തയ്യാറാണ് ',ഇത് പറഞ്ഞു ശിഷ്യരിൽ ഒരാൾ അയാളുടെ കാൽക്കീഴിൽ വീണു



നമസ്ക്കരിച്ചു. വ്യാപാരി അയാളെ ആലിംഗനം ചെയ്തു ദത്തുപുത്രനായി സ്വീകരിച്ചു.

ആ ശിഷ്യനെ അവിടെ വിട്ടു മറ്റുരണ്ടുപേരും ശാന്തമായി യാത്ര തുടർന്നു. വഴിയിൽ നിബിഡമായമായ കാടു കടന്നു വേണം മുനോട്ടു പോകാൻ.ആ സമയം മഴയും പെയ്തു തുടങ്ങി. വഴി ശരിയായി അറിയാത്തതിനാൽ തട്ടിയും മുട്ടിയും അവർ മുന്നോട്ടു പോയി.സൂര്യൻ അസ്തമിക്കുമ്പോൾ മാത്രമാണ് അവർക്ക് കാട്ടിൽ നിന്ന് പുറത്തു വരാൻ കഴിഞ്ഞത്. വഴി തെറ്റിയോ എന്ന് അവർക്ക് സംശയം തോന്നി.നല്ല ഇരുട്ടാകുന്നതിന് മുൻപ് സുരക്ഷിതമായ സ്ഥലത്ത് ചെന്ന് ചേരണമെന്ന് അവർ കരുതി. വളരെ ദൂരെ ഒരു ചെറിയ പ്രകാശം അവർ കണ്ടു. അവിടെ ആരെങ്കിലും ഉണ്ടാകുമെന്ന് കരുതി അവർ അങ്ങോട്ട് വേഗത്തിൽ നടന്നു.

ചിലവീടുകൾമാത്രമുള്ള ഒരുചെറിയ ഗ്രാമമായിരുന്നു അത്. അവിടെയുള്ള ഒരു മണിമാളികയിൽ നിന്നുള്ള വെളിച്ചമാണ് അവർ ദൂരെ നിന്ന് കണ്ടത്.അവിടെ താമസിക്കാൻ പറ്റുമോ എന്നറിയാൻ അവർ കതകിൽ തട്ടി. അതിസുന്ദരിയായ ഒരു പെൺകുട്ടിയാണ് വാതിൽ തുറന്നത്. ''ഇവിടെ എല്ലാവരും ഒരു കല്യാണത്തിനു പുറത്തു പോയിരിക്കുകയാണ്. എന്റെ അമ്മയും പോയി അവർ രണ്ടു ദിവസം കഴിഞ്ഞേ വരൂ. ഇവിടെഎങ്ങനെ ഒറ്റക്ക് കഴിയും എന്ന് കരുതിയിരിക്കുമ്പോൾ ആണ് നിങ്ങൾ വന്നത് ',എന്ന് പറഞ്ഞു പെൺകുട്ടി അവർക്ക് ഭക്ഷണം വിളമ്പി നൽകി. വീടിനു പുറത്തു വരാന്തയിൽ അവർക്ക് രാത്രി കഴിയാൻ ആ പെൺകുട്ടി സൗകര്യം ഏർപ്പെടുത്തി. ആ പെൺകുട്ടിയുമായി സംസാരിക്കവേ ഒരു ശിഷ്യൻ അവളിൽ അനുരക്തനായി. അവൾക്കും അയാളോട് വലിയ ഇഷ്ടം തോന്നി. വലിയ സ്നേഹത്തോടെ അവർ ഇരുവരും സംസാരിച്ചിരുന്നു.

അതുത്ത ദിവസം പുലർച്ചെ ആ ശിഷ്യൻ യാത്ര തുടരാൻ തയ്യാറായില്ല. ' ഈ പെൺകുട്ടിയെ സുരക്ഷിതമല്ലാത്ത ഇടത്തിൽ വിട്ടു ഞാൻ വരില്ല. താങ്കൾ യാത്ര തുടരുക ',അയാൾ അവസാനത്തെ ശിഷ്യനോട് പറഞ്ഞു. അവസാനം അയാൾ മാത്രമാണ് മലയടിവാരത്തിലെ ആ ക്ഷേത്രത്തിൽ എത്തിയത്.

ആശകൾ വിലങ്ങുതടിയായി മുന്നിൽ ഉണ്ടാകും എന്ന് ഗുരുജി പറഞ്ഞത് സത്യമായി.

ജീവിതത്തിൽ എന്തെങ്കിലും നേടണമെന്നു ആഗ്രഹിച്ചു മുന്നേറുക എന്നാൽ മാത്രമേ നമുക്ക് ആ ലക്ഷ്യം നേടാൻ കഴിയൂ എന്ന് സമൂഹം നമ്മെ പഠിപ്പിക്കുന്നു മൃഗങ്ങൾക്ക് ആഗ്രഹങ്ങൾ ഇല്ല. ഓരോ ദിവസവും പതിവ് പോലെ നടന്നു ആഹാരം കഴിച്ചു അവർ ജീവിക്കുന്നു. എന്നാൽ മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ മുന്നോട്ടു പോകാൻ നിരവധി കാര്യങ്ങളും ഒട്ടേറെ ഉപകരണങ്ങളും കണ്ടുപിടിച്ചിരിക്കുന്നു. നമ്മുടെ നാഗരികതയും പരിഷ്ക്കാരവും വളർത്തിയത് നമ്മുടെ ആഗ്രഹങ്ങൾ ആണ്. ആ ആഗ്രഹങ്ങൾ ഗുണകരമാകാൻ നാം ശ്രദ്ധിക്കണം.

ഭാവിയിൽ ഇങ്ങനെ ആകണം എന്നത് നമ്മുടെ വലിയ ആഗ്രഹത്തിന്റെ പ്രതിഫലനമാണ്. അത് നടന്നാൽ മാത്രമേ സന്തോഷം ലഭിക്കൂ എന്ന് നാം കരുതുന്നു. ആ പ്രതീക്ഷയിൽ നാം പലപ്പോഴും നമ്മുടെ സന്തോഷം തന്നെ കൈവിടുന്നു. ആഗ്രഹങ്ങൾ നമുക്ക് നല്ല ഒരു ഭാവികാലം നൽകാൻ സഹായിക്കുന്നു. നമ്മുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യ മാകാൻ സഹായിക്കുന്നു. പക്ഷേ ആ പ്രതീക്ഷകൾ നമ്മുടെ സന്തോഷത്തിനു ഭംഗം വരുത്തിക്കൂടാ.

ഈ നിമിഷം നിങ്ങൾ അനുഭവിച്ചു ജീവിക്കുന്നതാണ് ജീവിതം. നമുക്ക് ചുറ്റുമുള്ള വൃക്ഷങ്ങളുടെ പച്ചപ്പ്, പൂക്കളുടെ സുഗന്ധം, പക്ഷികളുടെ കളകൂജനം, നീലാകാശത്തിന്റെ അഴക് , കുട്ടികളുടെ ചിരി എന്നിവയെല്ലാം ആസ്വദിച്ചു ജീവിക്കുക. ആ സന്തോഷം നിലനിൽക്കുമെന്ന് പ്രതീക്ഷിച്ചു പ്രവർത്തിക്കുക. ●





## ആശകൾ ഉപേക്ഷിക്കണമോ?

സന്തോഷത്തോടെ കഴിയുന്ന വേളയിൽ ആ സന്തോഷം നീണ്ടു നിൽക്കണമെന്ന് നാം ആഗ്രഹിക്കുന്നു ആ സന്തോഷം പോയി ദുഃഖവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വേദനയും നമ്മെ വലയം ചെയ്യുമോ എന്നു നാം ഭയപ്പെടുന്നു. ഈ ഭയം മൂലമാണ് നാം ഇങ്ങനെ ആഗ്രഹിക്കുന്നത്. മനുഷ്യർ സംസാരിക്കാൻ ഭാഷ കണ്ടുപിടിക്കുന്നതിന് മുൻപേ അവനു വികാരങ്ങൾ രൂപപ്പെട്ടിരുന്നു. ആ വികാരങ്ങൾ ആണ് നമ്മുടെ ആഗ്രഹങ്ങൾക്ക് കാരണം. വികാരങ്ങളെ വേണ്ട വിധം നിയന്ത്രിച്ചാൽ നമ്മുടെ ആഗ്രഹങ്ങളെ നല്ല വഴിക്ക് തിരിച്ചു വിടാം.

ഉദാഹരണമായി നാം ഒരു വീട് കാണുന്നു. അത് വളരെ മനോഹരമാണ്. അത് സ്വന്തമാക്കിയാൽ എത്ര നന്നായിരുന്നു എന്ന് നാം ആഗ്രഹിക്കുന്നു. ആ ആഗ്രഹം എത്ര ഗുണകരം എന്ന് നാം ആലോചിച്ചു നോക്കണം. ആ വീട് ഉടമസ്ഥൻ വിൽക്കാൻ തയ്യാറാണ്. അപ്പോൾ നാം ആ വീട് വാങ്ങാൻ നമുക്ക് ആവശ്യമായ പണമുണ്ടോ, ആ വീട് നമുക്കും കുടുംബത്തിനും താമസിക്കാൻ അനുയോജ്യമാണോ, അതിന് പറഞ്ഞ വില ന്യായമാണോ, കുട്ടികളുടെ സ്കൂളിൽ പോകാനും നിങ്ങൾക്ക് ഓഫീസിൽ പോകാനും അടുത്താണോ എന്നെല്ലാം ചിന്തിക്കണം. അതിന് ശേഷമേ അടുത്ത ഘട്ടത്തിലേക്ക് കടക്കാവൂ. യോജിച്ച വീട് അല്ലെങ്കിൽ അത് വേണ്ടെന്നു വയ്ക്കണം. ഇവ ശരിയായി അനുവർത്തിച്ചാൽ വിഷമമോ ബുദ്ധിമുട്ടോ ഉണ്ടാകില്ല.സഫലീകൃതമല്ലാത്ത ആഗ്രഹം എന്ന തോന്നൽ വരില്ല.

ആഗ്രഹങ്ങൾ എല്ലാം ഒഴിവാക്കേണ്ടതല്ല. എന്നാൽ അനാവശ്യമായ ആഗ്രഹങ്ങൾ വേണ്ടെന്നു വയ്ക്കണം. അത് നിങ്ങൾക്ക് മനസമാധാനവും സന്തുഷ്ടകരമായ ജീവിതവും നൽകും.

## നിധി തുറന്നു നോക്കണം



ഒരു യുവാവു ഒരു ഗുരുജിയുടെ അടുക്കൽ വന്നു. ''എനിക്ക് ഒരു നല്ല ജോലി, സുന്ദരിയായ ഭാര്യ, നല്ല കുടുംബം എന്നിവ വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിന് വഴി പറഞ്ഞു തരണം''.ഇതിനെല്ലാം വേണ്ടി നീ എന്ത് ചെയ്തു? ',ഗുരുജി ചോദിച്ചു ''ഞാൻ അതെല്ലാം തേടിക്കൊണ്ടിരിക്കുന്നു''യുവാവ് മറുപടി പറഞ്ഞു. ''നിന്റെ മനസ്സിൽ അന്വേഷിച്ചുവോ?''ഗുരുജി ചോദിച്ചു. അവൻ കണ്ണു മിഴിച്ചു പോയി

''നിന്റെ മനസ്സ് വലിയ നിധിയാണ്. അത് തുറന്നു നോക്കണം. നീ ആശിക്കുന്നതെല്ലാം ലഭിക്കാൻ ആഗ്രഹം അതിൽ ഒരു ദീപം പോലെ എപ്പോഴും കത്തിക്കൊണ്ടിരിക്കുന്നു അത് തരുന്ന വെളിച്ചത്തിൽ ശരിയായ പാതയിൽ സഞ്ചരിച്ചു നീ ആഗ്രഹിക്കുന്നതെല്ലാം നിനക്ക് സമ്പാദിക്കാൻ കഴിയും''.

മനസ്സ് എന്ന നിധി തുറന്നു നോക്കുക നിങ്ങൾ ആഗ്രഹിക്കുന്ന എല്ലാം അതിലൂടെ കണ്ടെത്താം

## ആഗ്രഹങ്ങൾക്ക് ഒരു അന്തവുമില്ല



ആഗ്രഹങ്ങൾ നിങ്ങളുടെ നിഴൽ പോലെയാണ്. വൈകുന്നേരം നിങ്ങളുടെ നിഴൽ വല്ലാതെ നീളും. എത്ര നിങ്ങൾ ഓടിയാലും നിങ്ങൾക്ക് അതിന്റെ തല പിടിക്കാൻ കഴിയില്ല അതും നിങ്ങൾക്കൊപ്പം മുന്നോട്ടു പോകും. കുതിരവണ്ടിയിൽ കുതിര വേഗത്തിൽ മുന്നോട്ടു പോകാൻ വണ്ടിക്കാരൻ മുന്നിൽ ഒരു കമ്പിൽ ഒരു കാരറ്റ് കെട്ടി വയ്ക്കും.കുതിര അത് എടുത്തു കഴിക്കാനായി കുതിക്കും. അത് ഓടുന്ന വേഗത്തിൽ കാരറ്റും മുന്നോട്ടു പോകുമെന്ന് പാവം കുതിരക്കു അറിയില്ല. നമ്മുടെ ആഗ്രഹങ്ങളും ഇത് പോലെ നമ്മെ വെറുതെ മുന്നോട്ടടിക്കും.

ഒരു ആഗ്രഹം നിറവേറിയാൽ മറ്റൊരു ആഗ്രഹം പൊട്ടിമുളക്കും. ഓട്ടപ്പാത്രത്തിൽ വെള്ളം പിടിച്ചാൽ അത് ഒരിക്കലും നിറയില്ല. നമ്മുടെ ആഗ്രഹങ്ങൾക്കും ഒരു അന്തവുമില്ല. നമ്മുടെ ആഗ്രഹങ്ങൾ നമ്മെ വിജയസോപാനത്തിൽ എത്തിക്കും അതേ പോലെ ഇരുട്ടിലും തള്ളി വിടാം. നമ്മുടെ ആഗ്രഹങ്ങൾ ഏതു തരത്തിൽ ഉള്ളത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു അത്.



## പോസിടീവായ ആഗ്രഹങ്ങൾ വേണം

ആഗ്രഹങ്ങൾ നമ്മുടെ നിയന്ത്രണത്തിൽ ആണോ അതോ നാം ആഗ്രഹങ്ങളുടെ നിയന്ത്രണത്തിൽ ആണോ എന്നതിനെ അനുസരിച്ചിരിക്കുന്നു നമ്മുടെ ഭാവി. നമ്മെ മുന്നോട്ടു നയിക്കുന്ന ഒരു ശക്തിയാണ് ആഗ്രഹങ്ങൾ.തെറ്റായ വഴികാട്ടിയുമായി യാത്ര ചെയ്താൽ നിങ്ങളുടെ വഴിതെറ്റും. പോസിറ്റീവ് ആയ ചിന്തകളോടെയുള്ള നമ്മുടെ ആഗ്രഹങ്ങൾ നമ്മേ മുന്നോട്ടു കൊണ്ടു പോകും. നെഗറ്റിവ് ചിന്തകളുമായി നാം ചെയ്യുന്ന പ്രവൃത്തികൾ നമ്മേ ദുരന്തത്തിലേക്ക് നയിക്കും.



## ആഗ്രഹം മാത്രം മതിയോ?

ജീവിതത്തിൽ മുന്നേറുന്നതിന്, ലക്ഷ്യങ്ങൾ നേടുന്നതിന്, ആഗ്രഹങ്ങൾ മാത്രം മതിയോ? ഒരു ഉദാഹരണം നോക്കുക. ഒരു ഓഫീസിൽ ഒരാൾ വളരെ താഴ്ന്ന നിലയിലാണ് ജോലി ചെയ്യുന്നത്. നന്നായി ജോലി ചെയ്തു പടിപടിയായി ഉയർന്നു ഓഫിസ് മാനേജർ ആകണം എന്നതാണ് അയാളുടെ ആഗ്രഹം. അങ്ങനെ എല്ലാവർക്കും ഉത്തരവ് നൽകി സുഖമായി ആ കസേരയിൽ ഇരിക്കുന്നത് അയാൾ സ്വപ്നം കാണുന്നു.

ഇങ്ങനെ ഭാവിയെപറ്റി സ്വപ്നം കണ്ടത് കൊണ്ടു മാത്രം ഒരാൾ ഉയരത്തിൽ എത്തുമോ? ഒരിക്കലും ഇല്ല. ഭാവിയെപറ്റി സ്വപ്നം കാണുന്നത് പോലെ ഇപ്പോൾ നിങ്ങൾ എന്ത് ചെയ്യുന്നു എന്നതും പ്രധാനമാണ്. ഭാവിയിൽ നിങ്ങൾ മാനേജർ ആകണമെങ്കിൽ ഇന്ന് നിങ്ങൾ നിങ്ങളുടെ ജോലി നന്നായി ചെയ്യണം. കൃത്യസമയത്ത് ജോലിക്ക് വരുന്നത്, നന്നായി പണികൾ ചെയ്യുന്നത്, തന്റെ ജോലിയിൽ മികവ് കാട്ടുന്നത്, സ്ഥാപനത്തിന്റെ വിശ്വാസം ആർജിക്കുന്നത്,തന്റെ പ്രവർത്തി മൂലം ഉന്നത പദവിക്ക് അനുയോജ്യൻ എന്ന് തെളിയിക്കുന്നത് തുടങ്ങി എല്ലാ രംഗത്തും തിളങ്ങിയാൽ അയാൾക്ക് അതിന് അർഹതയുണ്ട്. ഭാവിയെപറ്റി സ്വപ്നങ്ങൾ കണ്ടത് കൊണ്ടു മാത്രം നിങ്ങൾ ഒന്നുമാകില്ല. ●

# ആഗ്രഹത്തിന് അണ കെട്ടണം

ആഗ്രഹം ഒരാളുടെ മനസ്സിൽ രൂപപ്പെടുന്നതാണ്. അത് തെറ്റാണെങ്കിൽ നിങ്ങളുടെ മസ്തിഷ്ക്കം ആപദ് സൂചന നൽകും. ശരിയായതാണ് അതെങ്കിൽ മസ്തിഷ്ക്കം അതിനെ മുന്നോട്ടു നയിക്കും. മനസ്സിനും മസ്തിഷ്ക്കത്തിനും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടാകാത്ത വിധത്തിൽ ആഗ്രഹങ്ങളെ തിരിച്ചാൽ ജീവിതം നന്നായി പോകും.

മനസ്സിന്റെ കരുത്ത് അനുസരിച്ചാണ് നമ്മുടെ ആഗ്രഹങ്ങളുടെ സ്വഭാവവും രൂപപ്പെടുന്നത്. ബലഹീനമായ മനസ്സ് ആണെങ്കിൽ ചീത്ത കാര്യങ്ങളിൽ അഭിരമിക്കാനാകും ആഗ്രഹം. വലിയ മനസ്സുള്ളവർ മഹത്തായ കാര്യങ്ങൾ ആഗ്രഹിക്കും.

ഒരാൾമഹത്തായകാര്യങ്ങൾക്കുഇറങ്ങിപ്പുറപ്പെടുമ്പോൾ അയാൾ വലിയ പ്രതീക്ഷ വെച്ചു പുലർത്തും.അതിനായി വൻതോതിൽ അധ്വാനിക്കേണ്ടി വരും. കഠിനമായ ആ അധ്വാനമാണ് അവനെ വലിയ സാധനകൾ നടത്താൻ പ്രേരിപ്പിക്കുന്നത്. അത് പലർക്കു ഗുണകരമാകും.

ശരാശരി മനുഷ്യർ ശരാശരി കാര്യങ്ങൾ ആണ് ആഗ്രഹിക്കുക. വിജയസോപാനത്തിൽ എത്തുന്നവരാണ് മികച്ച സാധനകൾ നടത്തുക.

നമ്മുടെ മനസ്സു എത്ര മാത്രം ആഗ്രഹിക്കുന്നുവോ അത്രമാത്രമേ നമുക്ക് ചെയ്യാൻ കഴിയൂ. നമ്മുടെ ആഗ്രഹങ്ങൾക്ക് അതിരുകൾ ഇല്ല. അതിനാൽ അതിരുകൾ ഭേദിച്ചു നല്ല ആഗ്രഹങ്ങളുമായി മുന്നോട്ടു പോകുക.

മനസ്സിൽ ഓരോ ആഗ്രഹങ്ങൾ ഉണ്ടാകുമ്പോൾ അത് നടപ്പാക്കാനുള്ള വഴിയും തെളിയും. കുത്സിത ബുദ്ധികൾ വലിയ ആഗ്രഹങ്ങൾ മനസ്സിൽ വയ്ക്കും. എന്നാൽ അത് സഫലീകരിക്കാനുള്ള വഴി അവർക്കറിയില്ല. കടുത്ത നിരാശയാകും ഫലം.

നല്ല ആഗ്രഹങ്ങൾ നമ്മെ നല്ല തീരുമാനങ്ങൾ എടുക്കാൻ പ്രേരിപ്പിക്കുന്നു ആ തീരുമാനങ്ങൾ നല്ല നടപടിക്കു കാരണമാകുന്നു. ആ പ്രവർത്തികളാണ് നമ്മുടെ മികവിന് കാരണമാകുന്നത്.

മനുഷ്യ മനസ്സ് ആഗ്രഹങ്ങളുടെ വിളനിലമാണ്. നല്ല ആഗ്രഹങ്ങളും ചീത്ത മോഹങ്ങളും അവിടെ രൂപപ്പെടുന്നു. ഏതു തരം ആഗ്രഹങ്ങളാണ് നിങ്ങളുടെ മനസ്സിൽ രൂപപ്പെടുന്നത്, അതനുസരിച്ചാണ് ഒരാളുടെ മഹത്വം രൂപപ്പെടുന്നത്.

മനസിൽ പോസിറ്റിവ് ചിന്തകൾ രൂപപ്പെട്ടാൽ, അതനുസരിച്ച് നല്ല നടപടികൾ സ്വീകരിച്ചാൽ നമ്മുടെ ജീവിതവും നന്മ നിറഞ്ഞതാകും.നെഗറ്റിവ് ചിന്തകൾ ആണ് നമ്മെ ഭരിക്കുന്നതെങ്കിൽ അത് നമ്മെ തെറ്റുകളിലും നാശത്തിലും കൊണ്ടു ചെന്നെത്തിക്കും.

വലിയ, സത്യസന്ധമായ മികച്ച ആഗ്രഹങ്ങൾക്കായി പരിശ്രമിക്കുന്നവർക്കു അവ വലിയ മാർഗദർശിയായി മാറും. അവ അയാളുടെ പ്രവർത്തിയെ മാറ്റി മറിക്കും. അവരുടെ മഹത്വം വർദ്ധിപ്പിക്കും. ജീവിത ലക്ഷ്യം തന്നെ മാറും. അവരുടെ ഭാവിയും മാറും. ●





# സുസ്ഥിരമായ ജീവിതത്തിനു ആഗ്രഹിക്കുക

ഒരു മലമ്പാത പോലെയാണ് പലരുടെയും ജീവിതം. പെട്ടെന്ന് അത് ഉയരത്തിലേക്ക് പോകും. പിന്നിട് വല്ലാത്ത ചെരിവ് വരും. ഒരു ഇടത്ത് മഴ പെയ്യും, മറൊരിടത്തു വെയിലടിക്കും. ഒരു വളവിൽ പുറകിൽ നിന്ന് എന്തെങ്കിലും വരുന്നുവോ എന്ന് പോലും അറിയാൻ കഴിയില്ല. ഇഷ്ടപ്പെട്ടോ അല്ലാതെയോ പലരും ഇങ്ങനെയൊരു ജീവിതപ്പാതയിൽ സഞ്ചരിക്കുന്നവരാണ്.അതിനാലാണ് നിദാനമായ ഒരു ജീവിതം എല്ലാവരും ആഗ്രഹിക്കുന്നത്.

ജോലി കാരണം വിദൂരമായ ഒരിടത്ത് പോകേണ്ടി വരുന്നവർ, എവിടെയെങ്കിലും ഒരിടത്തു സ്ഥിരമായി താമസിച്ചു ജോലി ചെയ്തു നിദാനമായി കഴിയുന്നതിന് ആഗ്രഹിക്കും. സ്ഥിരമായി വരുമാനമില്ലാത്ത ഒരു വ്യാപാരി സ്ഥിരം വരുമാനമുള്ള ഒരു ജോലിക്കായി മോഹിക്കും. നിദാനമായ ജീവിതം നയിക്കാനുള്ള ഒരു ജോലി, നല്ല വീട്, ഇഷ്ടപ്പെടുന്ന ജീവിത പങ്കാളി, ,നല്ല ജോലി ലഭിക്കുന്ന വിധം കുട്ടികൾക്ക് പഠനം നൽകാനുള്ള ശേഷി തുടങ്ങിയവയാണ് ഒരു ശരാശരി മനുഷ്യന്റെ ആഗ്രഹം. വിഷമവും വേദനയും പാടില്ല, സന്തോഷത്തോടെ കഴിയണം എന്നാണ് ഭൂരിപക്ഷം പേരും ആഗ്രഹിക്കുന്നത്.

നാല്പതു വയസ്സിനു മേൽ റിസ്ക് എടുക്കുന്നവർ പോലും സ്വന്തം കുടുംബം നന്നായി കഴിയാനുള്ള മാർഗം കരുതിവെച്ച ശേഷമാണ് അങ്ങനെയുള്ള രംഗത്ത് ഇറങ്ങുന്നത്. നിദാനമായ ജീവിതം ഒട്ടേറെ പേർക്ക് ലഭിക്കുന്നു മറ്റു ചിലർക്ക് അത് ലഭിക്കാത്ത ആഗ്രഹമായി പോകുന്നു

മനുഷ്യർക്ക് മാത്രമല്ല മറ്റു ജീവികൾക്കും നിദാനമായ ജീവിതത്തിനു ആഗ്രഹം ഉണ്ട്. എന്നാൽ അവർക്ക് അത് ലഭ്യമാകുന്നില്ല. കടുംശൈത്യത്തിൽ തണുപ്പ് സഹിക്കാനാകാതെ നിരവധി ദേശാടന പക്ഷികൾ വിദൂര രാജ്യങ്ങളിൽ നിന്ന് നമ്മുടെ നാട്ടിൽ എത്തുന്നു. അവർക്ക് അസാധാരണമായ ജീവിതമോഹം ഉണ്ട് പക്ഷേ അതിന്സരിച്ച് അവർക്ക് ജീവിക്കാൻ കഴിയില്ല. ചൂടിൽ ഭക്ഷണം ലഭിക്കാതെ വരുമ്പോൾ പല മൃഗങ്ങളും കാടു വിട്ടു പോകുന്നു.വലിയ വേട്ട മൃഗങ്ങളെ ഭയന്നാണ് ചെറു ജീവികൾ എപ്പോഴും കഴിയുന്നത്.

കടുത്ത മത്സരം, സുരക്ഷിതമല്ലാത്ത ജോലി, അവസരങ്ങൾ തട്ടിപ്പറിക്കുന്ന മനുഷ്യർ, അടുത്തവർ തന്നെ ചതിക്കുന്ന നില, ഇങ്ങനെ വിഷമകരമായ ഒട്ടേറെ സാഹചര്യങ്ങൾ താണ്ടി നിദാനമായ ഒരു ജീവിതം നയിക്കുക പലർക്കും വലിയ വെല്ലുവിളി ആണ് ഇതെല്ലാം താണ്ടി വരുമാനം നേടി അടുത്തവരെ സഹായിക്കാൻ കഴിയുന്നവർ വലിയ ഭാഗ്യശാലികൾ ആണ്.

നിദാനമായ ഒരു ജീവിതം ലഭിച്ച പലരും പിന്നിട് ഒരു റിസ്ക് എടുക്കാൻ താല്പ്പര്യപ്പെടാറില്ല. അവരുടെ ജിവിതം അത് പോലെ തന്നെ തുടരും. ഇതിനാൽ ഒട്ടേറെപ്പേർ തങ്ങളുടെ കഴിവിനും പഠിപ്പിനും ചേരാത്ത സാധാരണ ജോലികൾ ചെയ്യും. ''എനിക്ക് ഇത് കഴിയും ''എന്ന് ഉറച്ച മനസ്സോടെ ചിലർ റിസ്ക് എടുക്കും.

എന്റെ വീട് ഇങ്ങനെ ഇരിക്കണം. ഇവരെല്ലാം എന്റെ സുഹൃത്തുക്കളാണ്, അത് കൊണ്ടു എനിക്ക് ഇങ്ങനെ ചെയ്യാനാകും. ഈ ജോലി ഞാൻ ചെയ്യണം എന്നിങ്ങനെ കരുതുന്നവർ ആണ് ഈ ലോകം മാറ്റി മറിക്കുന്നത്.നിദാനമായ ഒരു ജീവിതം നയിക്കുന്നത് ശരി തന്നെ. പക്ഷേ അതിനെ പേരിൽ നിങ്ങളുടെ കഴിവിന് മികവിനും ചേരാത്ത താഴ്ന്ന ജോലി ചെയ്യുന്നത് അനഭിലഷണീയമാണ്. ●

ആശകൾ ആണ് ദുഃഖത്തിനു കാരണം എന്ന് ശ്രീ ബുദ്ധൻ പറഞ്ഞതിനെ പിൻപറ്റി എല്ലാ ജ്ഞാനികളും ആഗ്രഹങ്ങൾ ഉപേക്ഷിക്കണമെന്നു ഉപദേശിക്കുന്നു എന്നാൽ ആഗ്രഹങ്ങൾ ഇല്ലാതെ ജീവിക്കണം എന്ന് കരുതുന്നതു പോലും ഒരു ആഗ്രഹമാണ് അതിനാൽ എല്ലാം ആഗ്രഹിക്കുക എന്ന് ഉപദേശിക്കുന്നവരും ഉണ്ട്.

കാട്ടിൽ ഒരു കുരങ്ങു താമസിച്ചു വരുകയാണ് ഒരു തവണ അതിന് രോഗം വന്നപ്പോൾ ദേഹം മുഴുവൻ പേൻ പിടിച്ചു . തലയിലും ശരീരഭാഗങ്ങളിലും ഉള്ള രോമക്കൂട്ടത്തിൽ കയറി അത് കടിച്ചു. അതിനാൽ ആ കുരങ്ങു വല്ലാതെ മെലിഞ്ഞു ക്ഷീണിച്ചിരുന്നു. .

ഒരു ദിവസം കാട്ടിലെ കുളത്തിൽ വെള്ളം കുടിക്കാൻ കുരങ്ങു പോയി. പതിവായി അത് കുളത്തിന്റെ കരയിൽ ഉള്ള മരത്തിൽ ഇരുന്നു വെള്ളം കുടിക്കും. ഇത്തവണ പെരുമഴമൂലം കുളം നിറഞ്ഞു മരം തന്നെ വെള്ളത്തിൽ താഴ്ന്നു. അതിനാൽ അത് കുളത്തിൽ ഇറങ്ങി വെള്ളം കുടിച്ചു.

കുളത്തിൽ ഇറങ്ങി കാൽ വെച്ചപ്പോൾ കാലിലെ പേനുകൾ മുകളിലേക്ക് അരിച്ചു കേറുന്നത് കുരങ്ങു ശ്രദ്ധിച്ചു. അത് കണ്ടു കുരങ്ങു ഒരു തന്ത്രം പ്രയോഗിച്ചു. താഴ്ന്നു കിടന്നിരുന്ന മരത്തിന്റെ ഒരു ശാഖ അടർത്തി അതുമായി കുളത്തിൽ ആഴമേറിയ ഭാഗത്തേക്ക് നടന്നു. കുരങ്ങു മുങ്ങും എന്ന നില വന്നപ്പോൾ ആ പേനുകൾ മുഴുവനും ആ മരക്കൊമ്പിലേക്ക് കയറി. ആ മരക്കൊമ്പ് അവിടെയിട്ടു കുരങ്ങു കുളത്തിനു വെളിയിലേക്ക് നീങ്ങി. അതിന്റെ ദേഹത്തെ പേൻ എല്ലാം പോയിരിക്കുന്നു.

കുരങ്ങു തന്നെ ബാധിച്ചിരുന്ന പേനുകളുടെ ശല്യത്തിൽ നിന്ന് രക്ഷപ്പെട്ടത് പോലെ നമുക്കും നമ്മുടെ ആഗ്രഹങ്ങളിൽ നിന്ന് മോചനം നേടാനാകുമോ? ഒരു ആഗ്രഹവും ഇല്ലാതെ ജീവിക്കാൻ കഴിയുമോ? ആഗ്രഹങ്ങൾ ഇല്ലാത്ത ജീവിതമാണ് നന്ന് എന്ന മഹദ്വചനം അനുസരിച്ചു ജീവിച്ചാൽ നമ്മുടെ ജീവിതം അർത്ഥമുള്ളതായി മാറുമോ? അങ്ങനെയുള്ള ജീവിതത്തിൽ നമുക്ക് എന്ത് സ്വാരസ്യമാണ് ലഭിക്കുക?

ആഗ്രഹങ്ങൾ ഉണ്ടാകുന്നതിൽ ഒരു തെറ്റുമില്ല. നമ്മുടെ ജിവിതത്തിൽ അതിന് നിശ്ചയമായും സ്ഥാനം നൽകണം. ആവശ്യങ്ങൾ മൂലം ഉണ്ടാകുന്ന ആഗ്രഹവും ആഡംബരത്തോടുള്ള അഭിനിവേശം മൂലം ഉണ്ടാകുന്ന ആഗ്രഹവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കണം. ഭക്ഷണം, വസ്ത്രം,വീട്, കുടുംബത്തിനു അവശ്യമായ

# ആഗ്രഹങ്ങൾ ഇല്ലാതെ ജീവിക്കണമോ?



പണം തുടങ്ങിയവയ്ക്കായി ആഗ്രഹിക്കുന്നതിൽ തെറ്റില്ല. ആ ആഗ്രഹങ്ങൾ നിറവേറുമ്പോൾ നമുക്ക് സന്തോഷം ഉണ്ടാകും. എന്നാൽ തന്റെ കഴിവിനും സമ്പത്തിനും അപ്പുറം ആഡംബരം അന്വേഷിക്കുന്നത് വല്ലാത്ത സങ്കടത്തിലും ക്ലേശത്തിലും ഒരാളെ കൊണ്ടുചെന്നെത്തിക്കും. ആ ആഗ്രഹം നിറവേറാതെ വരുമ്പോൾ വിരക്തി ഉണ്ടാകും.സന്തോഷം ഇല്ലാതാകും.

ആഗ്രഹങ്ങൾക്ക് അന്തമില്ല.ഒന്ന് നേടിക്കഴിയുമ്പോൾ മറ്റൊന്നിനോട് മോഹം തോന്നും. അത് നമ്മുടെ സമാധാനം കെടുത്തും. ഏതു സാഹചര്യത്തിലും തുടർച്ചയായ സന്തോഷവും സമാധാനവും അത് തരാൻ പോകുന്നില്ല.ഒരു ആഗ്രഹം നിറവേറുന്നതോടെ ഉണ്ടാകുന്ന മനസമാധാനം പറയാനാവാത്തതാണ്.

ഉദാഹരണമായി നാം ഒരു ടി വി വാങ്ങുന്നു.''നമ്മുടെ വീട്ടിൽ എല്ലാവർക്കും വിനോദത്തിനായി നല്ല ഒരു ടി വി വാങ്ങണമെന്നു ആഗ്രഹിക്കുന്നതിൽ തെറ്റില്ല നമ്മുടെ വരുമാനം നോക്കി, വീട്ടിലെ ആളുകളുടെ എണ്ണം നോക്കി അത് വാങ്ങാം. അത് വാങ്ങുമ്പോൾ നമുക്ക് സന്തോഷമുണ്ടാകും. എന്നാൽ, നമ്മുടെ അയൽപക്കത്തെ വീട്ടിലേക്കാൾ വലിയ ടി വി വാങ്ങണം അല്ലെങ്കിൽ നമ്മുടെ ബന്ധുക്കൾ വാങ്ങിയ പോലെ ഒരു വലിയ ടി വി വാങ്ങണം എന്ന് ആഗ്രഹിക്കുന്നത് ശരിയല്ല. അങ്ങനെ വാങ്ങുന്ന ടി വി തൽക്കാലം ഒരു സന്തോഷം നൽകും. അവരുടെ വീട്ടിലെ ടി വി മാറ്റുമ്പോൾ ആ സന്തോഷം നമ്മെ വിട്ടു പിരിയുന്നു.

പല വസ്തുക്കളും നമുക്ക് ഇങ്ങനെ താൽക്കാലിക സന്തോഷം മാത്രം നൽകുന്നു. നാം ആഗ്രഹിച്ചത് ലഭിച്ചു എന്ന തോന്നൽ അത് ഉണ്ടാക്കുന്നു. ആ സന്തോഷം അധികം താമസിയാതെ ഇല്ലാതാകും. അതിനോടുള്ള മോഹം നമുക്ക് പൊയ്പോകുന്നു.അപ്പോൾ വേറെ ഏതെങ്കിലും വസ്തുക്കളോടാകും നമ്മുടെ മോഹം. ഇങ്ങനെ ഒരു ചങ്ങല പോലെ ആഗ്രഹങ്ങൾ വളർന്നു കൊണ്ടേയിരിക്കും.

വീട്, കാർ, നല്ല വരുമാനം തുടങ്ങിയവ കിട്ടിയാൽ സന്തോഷമാകും ജീവിതം എന്ന് കരുതുന്നവർ ഒരു കാര്യം അറിയണം ധ്രുളം വീടുകൾ, ഒട്ടേറെ കാറുകൾ, കോടികളുടെ വരുമാനം എന്നിവ ഉള്ളവർ വലിയ സന്തോഷത്തോടെ കഴിയണം. എന്നാൽ അത് അങ്ങനെയല്ല എന്നതാണ് വാസ്തവം. വരുമാനത്തിലും ആഡംബരത്തിലും ആ കോടീശ്വരന് കുറവ് ഇല്ലായിരിക്കാം എന്നാൽ അയാളുടെ ആഗ്രഹങ്ങൾ അതിന് എത്രയോ മേലെയായിരിക്കാം.

ആഗ്രഹം എങ്ങനെ വേണമെന്ന് പഠിപ്പിക്കുന്ന ഒരു കഥ കേൾക്കുക. എങ്ങനെയെങ്കിലും ധനികൻ ആകണമെന്ന് ഒരു യുവാവ് ആഗ്രഹിച്ചു. ദൈവത്തെ



കുറിച്ചു ആലോചിച്ചു തപസ്സ് ചെയ്താൽ ദൈവം പ്രത്യക്ഷപ്പെടുമെന്ന് ഒരു ആത്മീയ ചടങ്ങിൽ പറഞ്ഞത് അവൻ കേട്ടു.അങ്ങനെ അവൻ കാട്ടിനുള്ളിൽ പോയി തപസ്സ് തുടങ്ങി. ദൈവം പ്രത്യക്ഷപ്പെടുമ്പോൾ ധാരാളം സ്വർണവും പണവും രത്നങ്ങളുമെല്ലാം ഒരേ വരമായി ചോദിക്കണമെന്ന് അവൻ ഉറപ്പിച്ചു. പല വർഷങ്ങൾ തപസ്സു ചെയ്തിട്ടും ഈശ്വരൻ പ്രത്യക്ഷപ്പെട്ടില്ല.

ഇതിനിടെ കാലം കടന്നു പോയി അവനു പ്രായമേറെയായി.മഹർഷി പോലെ താടിയും മുടിയും നീണ്ടു വളർന്നു. കാട്ടിൽ അവനെ കണ്ടു നിരവധി പേർ ശിഷ്യരായി ചേർന്നു.അവിടെ അവർ ആശ്രമം കെട്ടി. അടുത്ത ഗ്രാമത്തിൽ ഉള്ളവർ വന്നു അവർക്ക് അവശ്യമായ വസ്തുക്കൾ നൽകി.താൻ സ്വയം അറിഞ്ഞ കാര്യങ്ങൾ വെച്ചു അവൻ ശിഷ്യരെ പഠിപ്പിച്ചു. അവന്റെ മനസ്സിൽ നിന്ന് ആഗ്രഹങ്ങൾ എല്ലാം തന്നെ ഓടിയൊളിച്ചു. ഒരു പരിധി വരെ അവൻ സമാധാനം കൈവരിച്ചു.

ഒരു ദിവസം അവൻ പ്രാർഥിക്കുമ്പോൾ ഈശ്വരൻ അവന്റെ മുന്നിൽ വന് നിന്നു.''നിനക്ക് എന്തെങ്കിലും വേണമോ ',ഈശ്വരൻ അവനോടു ചോദിച്ചു.അയാൾ ആശയക്കുഴപ്പത്തിലായി.''ഞാൻ വലിയ ആഗ്രഹത്തോടെ തപസ്സു ചെയ്തപ്പോൾ താങ്കൾ വന്നില്ല. ഇപ്പോൾ എനിക്ക് ആശകളെ ഇല്ല. ഇപ്പോൾ വന്നാണോ വരം നൽകുന്നത്? എന്ത് കൊണ്ടാണത്? ',അവൻ ചോദിച്ചു. ''നിന്റെ മനസ്സിൽ ഉണ്ടായിരുന്ന ആഗ്രഹമാണ് അതിന് തടസ്സമായിരുന്നത് ',ഈശ്വരൻ പറഞ്ഞു.

നിറവേറുന്ന ആഗ്രഹങ്ങൾക്ക് ശ്രമിച്ചാൽ മനസംതൃപ്തി ലഭിക്കും.



# ആഗ്രഹങ്ങളും വിജയവും

ഒരു ഗ്രാമത്തിൽ ഒരു കൽപ്പണിക്കാരൻ ഉണ്ടായിരുന്നു. ദിവസവും നിരവധി മണിക്കൂർ കല്ല് ഉടച്ചാലെ വീട്ടിൽ അടുപ്പ് പുകയൂ. ഒരു ദിവസം തങ്ങളുടെ രാജാവും പരിവാരങ്ങളുമായി ആർഭാടമായി പോകുന്നത് അവൻ കണ്ടു. ''രാജാവിന് ഒരു കഷ്ടപ്പാടും ഇല്ല. എല്ലാ ജോലികളും ഭൃത്യർ നോക്കിക്കൊള്ളും. വിനോദങ്ങളുമായി ഉത്സാഹത്തോടെ രാജാവിന് കഴിഞ്ഞാൽ മതി. ഒരു രാജാവിൻറെ മകനായി ജനിച്ചെങ്കിൽ മതിയായിരുന്നു ',അയാൾ അങ്ങനെ ആഗ്രഹിച്ചു.

ആ മിനിറ്റിൽ അയാൾ രാജാവായി മാറി. അയാൾക്ക് വലിയ അതിശയമായി. പുറമേ നഗരപ്രദക്ഷിണം നടത്തിയപ്പോൾ അയാൾക്ക് ചൂട് തെല്ലും താങ്ങാൻ കഴിഞ്ഞില്ല. ദേഹത്ത് വല്ലാത്ത ചൂട്. കിരീടത്തിനുള്ളിലും വിയർത്തു. ''സൂര്യനാണ് ബലവാൻ. ഞാൻ സൂര്യനായിരുന്നെങ്കിൽ'',അയാൾ ആഗ്രഹിച്ചു. അടുത്ത മിനിറ്റിൽ അതാ അയാൾ സൂര്യനായി മാറി.സൂര്യന്റെ ചൂടിൽ മേഘങ്ങൾ ഉണ്ടായി സൂര്യനെ മറച്ചപ്പോൾ തന്റെ ശക്തി പോയി എന്ന് കരുതി മേഘത്തിനാണ് ശക്തി എന്ന് കരുതി അയാൾ മേഘമായി മാറി. മേഘത്തെ കാറ്റ് ചിന്നഭിന്നമാക്കിയപ്പോൾ കാറ്റിനാണ് ശക്തി എന്നു കരുതി അയാൾ കാറ്റായി മാറി.

- കാറ്റിനെ മല തടഞ്ഞു നിർത്തി. തന്റെ ശക്തി പോയെന്നു അയാൾ കരുതി മലയായി മാറി. എന്നാൽ ആ മലയെ ഒരു കൽപ്പണിക്കാരൻ ഉടച്ചപ്പോൾ കൽപ്പണിക്കാരൻ തന്നെ ശക്തൻ എന്നയാൾ കരുതി.അടുത്ത നിമിഷം അയാൾ കൽപ്പണിക്കാരനായി അയാൾ വീണ്ടും മാറി.
- മറ്റുള്ളവരെ നോക്കി അതുപോലെയാകാൻ ശ്രമിച്ചിട്ടു കാര്യമില്ല. നാം എന്താണോ, നമ്മുടെ ശക്തിയും മിടുക്കും എന്താണോ, അതനുസരിച്ചു നാം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം എന്നാണ് ഈ കഥയുടെ ഗുണപാഠം. നമ്മുടെ ആഗ്രഹങ്ങൾ എങ്ങനെ ആയിരുന്നാൽ നമുക്ക് വിജയം ലഭിക്കും?
- സത്യസന്ധമായ ആഗ്രഹം, അത് കൈവരിക്കാനുള്ള പദ്ധതി, അതനുസരിച്ചുള്ള മുന്നേറ്റം എന്നിവ നമ്മുടെ കയ്യിൽവേണം. ഇതാണ് വിജയസൂത്രം!
- ആഗ്രഹങ്ങൾ വേണ്ടെന്നു വയ്ക്കുന്നതിൽ അർത്ഥമില്ല. ആഗ്രഹങ്ങൾ ഉപയോഗിച്ചു മുന്നോട്ടു പോകുന്നതാണ് സവിശേഷമായ കാര്യം.
- ഒരു കാര്യം ലക്ഷ്യമാക്കി നമ്മുടെ മനസ്സിൽ ഉരുത്തിരിയുന്ന ആഗ്രഹം അത് നേടുന്നതോടെ വേണ്ടെന്നു വെയ്ക്കണം. ഇനിയും ഇനിയും വേണം എന്ന അതിമോഹം നിയന്ത്രിക്കണം.
- അനാവശ്യമായ ആഗ്രഹങ്ങൾ മനസ്സിൽ ഉദിക്കുന്നുവെങ്കിൽ. ''അത് തെറ്റ്. അങ്ങനെ ആഗ്രഹിച്ചാൽ കുഴപ്പങ്ങളിലെ കലാശിക്കു. അതിനാൽ അത് വേണ്ട ''എന്ന് തീരുമാനിക്കാൻ തന്റേടം കാട്ടണം. ഒരിക്കലും ആ തീരുമാനത്തിൽ നിന്ന് മാറരുത്.
- നിറവേറാത്ത, മനസ്സിൽ അടിച്ചമർത്തിയ മോഹങ്ങൾ നിങ്ങളെ ദുഃഖത്തിൽ ആഴ്ത്തും.അത് മൂലം നിങ്ങളെ രോഗങ്ങൾ ബാധിക്കും. ഒരു കാര്യവും പൂർണ്ണമായി ചെയ്യാനാകാതെ തോൽവിയടയും.
- നമ്മുടെ ആഗ്രഹങ്ങൾ നമ്മുടെ നിലക്ക് ചേർന്നതും നമ്മുടെ മനസ്സിനെയും സന്തോഷത്തെയും ബാധിക്കാത്തതും ആകണം.
- നമ്മുടെ ആഗ്രഹങ്ങൾ നമുക്കോ മറ്റുള്ളവർക്കോ വിഷമം ഉണ്ടാക്കുമെങ്കിൽ അത് വേണ്ടെന്നു വയ്ക്കണം. ചീത്ത വിളവുകൾ തരുന്ന ആഗ്രഹങ്ങളും നാം ഉപേക്ഷിക്കണം.
- ആഗ്രഹങ്ങളെ കരുതലോടെ സാധിച്ചെടുത്താൽ വിജയം സുനിശ്ചിതം. ആ വിജയം മൂലം നന്മകൾ കൊയ്യാം.



# ആഗ്രഹത്തിന്റെ നാല് പ്രത്യേകതകൾ

നല്ല ആഗ്രഹങ്ങൾ പിന്തുടർന്നു മാത്രമേ നമ്മുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാവൂ. അപ്പോൾ നമ്മുടെ വഴിയും ജീവിത ലക്ഷ്യവും ആർജവത്തോടെ ഒന്ന് ചേരും. എപ്പോഴും ഇത് നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കണം.

നമ്മുടെ ആഗ്രഹങ്ങളും പ്രവർത്തികളുമാണ് നമ്മുടെ സന്തോഷവും സന്താപവും നിശ്ചയിക്കുന്നത് . സത്യസന്ധമായ ആഗ്രഹങ്ങൾ നമുക്ക് ആനന്ദം നൽകും. ചീത്ത ആഗ്രഹങ്ങൾ നമുക്ക് ദുഃഖവും.ചിലരുടെ മനസ്സിൽ സത്യസന്ധമായ ആഗ്രഹങ്ങൾ ഉണ്ടാകും. എന്നാൽ അത് പ്രാവർത്തികമാക്കാൻ അവർക്കു മനധൈര്യം ഉണ്ടാകാറില്ല. അത് മൂലം സന്തോഷം അവരെ കൈവിടും.

- ആഗ്രഹങ്ങൾ പലപ്പോഴും നമ്മെ പല പ്രശ്നങ്ങളിലും കൊണ്ടു ചെന്ന് ചാടിക്കുന്നു. ആഗ്രഹങ്ങൾ മാറുന്നതനുസരിച്ച് പ്രവർത്തനവും മാറും. നമ്മുടെ ജീവിതവും. ആഗ്രഹങ്ങളെപ്പറ്റി നാലു കാര്യങ്ങൾ അറിഞ്ഞിരുന്നാൽ അത് നിങ്ങളുടെ ജീവിതത്തെ സഹായിക്കും.

- ഒരാളുടെ ഉള്ളിൽ ഉണ്ടാകുന്ന തെറ്റായ ആഗ്രഹങ്ങളാണ് അയാളുടെ ജീവിതത്തിന്റെ ദിശ മാറ്റുന്നത്. തെറ്റായ ആഗ്രഹങ്ങൾ മൂലം ജീവിത പാത മാറി കുഴപ്പങ്ങളിൽ ആണ്ടുപോകുന്നവരുടെ നിരവധി കഥകൾ ഉണ്ട്. ജയിലിൽ കഴിയുന്ന എല്ലാവരും തന്നെ അതിമോഹം മൂലം വലിയ തെറ്റുകൾ ചെയ്തവരാണ്. ചീത്തയായ മോഹങ്ങൾ സ്വയം ഉള്ളിൽ ഉണരും, അല്ലെങ്കിൽ ചീത്ത സുഹൃത്തുക്കൾ അതിന് പ്രേരണ ചെലുത്തും. മനസ്സു ശുദ്ധമായി വയ്ക്കുക. നമ്മുടെ മനസ്സിനെ ചാഞ്ചല്യപ്പെടുത്തുന്ന ധാരാളം വസ്തുക്കളും കാഴ്ചകളും ഉണ്ട്. അവ വേണ്ടെന്നു വയ്ക്കാൻ നമ്മുടെ മനസ്സു ദുർബ്ബലമാകാതെ കാക്കണം.

- ആഗ്രഹങ്ങൾ അതിശക്തമായ വികാരമാണ്. ചങ്ങല കൊണ്ടു കെട്ടിയിട്ട പൂച്ച കുതറി മാറാൻ ശ്രമിക്കുന്നത് പോലെ അവ നിങ്ങളെ ശക്തമായി ഓരോന്ന് ചെയ്യാൻ പ്രേരിപ്പിക്കും. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരെ നോക്കുക. കടുത്ത ആർത്തി മൂലമാണ് അവർ അങ്ങനെ തെറ്റായി പ്രവർത്തിക്കുന്നത്. നമ്മുടെ ജീവിതത്തിൽ എത്രയോ കാര്യങ്ങൾ നമുക്ക് നിയന്ത്രണ വിധേയമല്ല. എന്നാൽ ആഗ്രഹങ്ങളെ അങ്ങനെ കയറൂരി വിടരുത്. നമ്മുടെ ആഗ്രഹങ്ങൾ നമ്മുടെ നിയന്ത്രണത്തിൽ ഇരിക്കണമെന്ന് ആഗ്രഹിക്കണം

- നമ്മുടെ മനസ്സു ഒരു പാടം ആണെങ്കിൽ ആഗ്രഹം ഒരു വിത്ത് പോലെയാണ്. വെള്ളം ഒഴുക്കി നന്നായി ഉഴുതു മറിച്ച ഒരു പാടത്തിൽ നല്ല വിത്തുകൾ വളരുന്നതിലും കുടുതൽ കളകളാണ് വളരുന്നത്.അവ അതിവേഗം വളരുന്നു. കളകൾ പറിച്ചു നന്നായി വളം ഇട്ടു ചെടികളെ പരിപാലിക്കുന്നവരാണ് നല്ല കർഷകൻ. സത്യസന്ധമായ ആഗ്രഹങ്ങളെ വിത്ത് പോലെ വളർത്തി പരിപാലിക്കുന്ന ഒരു കർഷകനെപ്പോലെയാകണം നാം.

- സത്ക്കർമ്മങ്ങൾ ചെയ്തു നല്ല പേര് വാങ്ങുന്നതിന്. അധർമ്മം ചെയ്തു മറ്റുള്ളവരുടെ ശാപം ഏറ്റുവാങ്ങുന്നത്തിനും കാരണം ആഗ്രഹങ്ങൾ തന്നെ. നമ്മുടെ നല്ല സുഹൃത്തും ശത്രുവും പുറമെയല്ല. ശരിയായ ആഗ്രഹങ്ങളോടെ സത്യസന്ധമായി ജീവിച്ചാൽ നാം തന്നെയാണ് നമുടെ അടുത്ത സുഹൃത്ത്. ചീത്ത ആഗ്രഹങ്ങളോടെ തെറ്റായ വഴിയിൽ സഞ്ചരിച്ചാൽ നാമാണ് നമ്മുടെ വലിയ ശത്രു. നിങ്ങളുടെ നമ്പർ വൺ ശത്രുവിനെ നിങ്ങൾ സ്വയം സൃഷ്ടിക്കരുത്. എപ്പോഴും നിങ്ങളുടെ ഒപ്പം മികച്ച സുഹൃത്ത് ഇരിക്കട്ടെ. ●

# ആഗ്രഹങ്ങൾക്ക് അതിര് ഉണ്ടോ?

ഒരു ചെറിയ നഗരത്തിൽ രാമു സോമു എന്നി സഹോദരന്മാർ ഒരു വാച്ച് കട വെച്ചിരുന്നു രാമു കടയുടെ മുന്നിൽ ഇരുന്നു വാച്ച് വിൽക്കും. സോമു കടയുടെ പിന്നിൽ ഇരുന്നു ഉപഭോക്താക്കൾ നന്നാക്കാൻ കൊടുത്ത വാച്ചുകളുടെ കേടുപാടുകൾ പോക്കും.

കടയിൽ വരുന്ന ഉപഭോക്താക്കൾ വാച്ച് എടുത്തു കാട്ടാൻ രാമുവിനോട് പറയും. എന്നാൽ രാമു''എനിക്ക് ചെവി കാര്യമായി കേൾക്കില്ല. ശബ്ദത്തിൽ പറയൂ ''എന്ന് പറയും. പക്ഷേ അയാൾക്ക് ശരിക്കും ചെവി കേൾക്കും.

കടയിലേക്ക് വന്ന ഉപഭോക്താവ് ഒരു വാച്ച് തേടിപ്പിടിച്ചു രാമുവിന്റെ അടുക്കൽ അതിന്റെ വില ചോദിക്കും. തനിക്കു ഒന്നും അറിയുത്ത ഭാവത്തിൽ രാമു ആ വാച്ചിന്റെ വില സോമുവിനോടു ചോദിക്കും. സോമു 800 എന്ന് പറയും. അത് കേട്ട് രാമു മുന്നൂറു എന്ന് പറയും.

. ഉപഭോക്താവിന് അത്ര വലിയ വിലയുള്ള വാച്ച് മുന്നൂറു രൂപയ്ക്കു കിട്ടിയതിൽ വലിയ ലാഭം തോന്നും. രാമുവിന്റെ കേൾവിക്കുറവിനെ സ്തുതിച്ചു ആ വാച്ച് 300 രൂപക്ക് വാങ്ങി അയ്യാൾപോകും. രാമുവും സോമുവും ഉള്ളിൽ ചിരിക്കും. കാരണം ആ വാച്ചിന്റെ യഥാർത്ഥ വില 200 രൂപ മാത്രമാണ്. അവർ ഇങ്ങനെ സംസാരിച്ചുറപ്പിച്ചു തന്ത്രപൂർവ്വം വ്യാപാരം നടത്തി വന്നു.




ആഗ്രഹംഎന്നത്തീപോലെയാണ്.അതുപയോഗിച്ചു ആഹാരം പാകം ചെയ്യാം അതുവേണ്ടവിധം ഉപയോഗിച്ചില്ലെങ്കിൽ വീട് തന്നെ അഗ്നിക്കിരയാകും. നല്ല ആഗ്രഹങ്ങൾ മാത്രം മതി എന്ന് ആഗ്രഹിച്ചാലും അതോടൊപ്പം ചീത്ത ആഗ്രഹങ്ങളും കടന്നു വരും. നല്ല ആഗ്രഹങ്ങളെ തകർത്തെറിയാൻ ശേഷിയുള്ളവയാണ് ചീത്ത ആഗ്രഹങ്ങൾ. കാരണം, പലരും ചീത്ത ആഗ്രഹങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നവരാണ്

നാം രാവിലെ ഉറക്കത്തിൽ നിന്ന് എണീക്കുമ്പോഴേ നമ്മുടെ ആഗ്രഹങ്ങളും സട കുടഞ്ഞെഴുനെൽക്കുന്നു. പല ആഗ്രഹങ്ങളും അതിമോഹമാണ് എന്ന് നമുക്ക് തന്നെ അറിയാം. അത് മൂലം മനസാമാധാനം പോകുമെന്ന് അറിയാമെങ്കിലും അതിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ ആരും തന്നെ ശ്രമിക്കുന്നില്ല നദിയിൽ ഉയരുന്ന വെള്ളത്തിൽ പെടുന്നത് പോലെ നമ്മുടെ ജീവൻ തന്നെ അങ്ങനെ പോകുമെന്ന് നാം ഭയക്കണം.

കളങ്കമില്ലാത്ത കുട്ടികളുടെ മനസ്സിൽ ആഗ്രഹങ്ങൾ ഇല്ല. എന്നാൽ വളരുമ്പോൾ നാം വളരുന്നതിലും വേഗത്തിൽ നമ്മുടെ ആഗ്രഹങ്ങൾ വളർന്നു പന്തലിക്കുന്നു. യുവാവ് ആയാലും വൃദ്ധൻ ആയാലും ആഗ്രഹങ്ങൾ എല്ലാവരെയും ബാധിക്കുന്നു. ആശകളുടെ അതിര് അറിഞ്ഞു അതിന് നിയന്ത്രണം വയ്ക്കാൻ നാം ശ്രമിക്കണം. അതിന്ള്ള വഴി തേടി കണ്ടുപിടിച്ചാൽ മനസമാധാനമുണ്ടാകും.

ഇനി വേറൊരു തന്ത്രശാലിയായ വ്യാപാരിയുടെ കഥ കേൾക്കുക . ഒരു വൃദ്ധൻ നഗരത്തിലെ ഒരു ബസ് സ്റ്റാൻഡിൽ പഴക്കച്ചവടം നടത്തി വന്നു. ഓരോ ബസ് വരുമ്പോഴും പഴക്കൂടയുമേന്തി അദേഹം അതിൽ കയറി വിളിച്ചു പറഞ്ഞു അത് വിൽക്കും. ഒരു ദിവസം പേരക്കയുമായാണ് അയൽ ബസിൽ കയറിയത്. അഞ്ചു പഴങ്ങൾക്ക് ഇരുപതു രൂപ എന്നയാൾ വിളിച്ചു പറഞ്ഞു. അയാളെ കണ്ടാൽ പരിതാപകരമായി തോന്നുമെങ്കിലും ആരും അയാളുടെ കയ്യിൽ നിന്ന് പഴം വാങ്ങിയില്ല വലിയ വിഷമത്തോടെയാണ് അയാൾ ബസിൽ നിന്നിറങ്ങിയത്.

അടുത്ത ക്ഷണം ഒരു യുവാവ് ആ ബസിൽ കയറി വന്നു. ആറു പേരക്കയ്ക്ക് ഇരുപതു രൂപ.ഒന്നാന്തരം പഴം നമ്മുടെ നാട്ടിൽ വളർന്നത്. ആപ്പിളിനെക്കാൾ മെച്ചം ''യുവാവ് അതിന്റെ ഗുണങ്ങൾ വാഴ്ത്തിപ്പറഞ്ഞു. എല്ലാവരും മത്സരിച്ചു അവന്റെ കയ്യിൽ നിന് പേരയ്ക്ക വാങ്ങി.



ഇതിനിടെ അടുത്ത ബസിൽവൃദ്ധൻകയറിപേരക്ക വിറ്റു തുടങ്ങി ഇരുപതു രൂപക്ക് അഞ്ചു പേരക്ക എന്ന് വിളിച്ചു കൂവിയിട്ടും ആരും വാങ്ങാൻ ഒരുക്കമല്ല. അവിടെയും യുവാവ് കയറിവന്നു വില്പന തുടർന്നു.

എം ബി എ ക്കാരനായ ഒരു കൺസൾട്ടന്റ് ഇത് കാണുന്നുണ്ടായിരുന്നു. അയാൾ വൃദ്ധനെ വിളിച്ചു ആ യുവാവിൻറെ സാമർത്ഥ്യം നിങ്ങൾക്ക് ഇല്ല. അവനുമായി മത്സരിച്ചു അതേ വിലക്ക് വിൽക്കണം എന്ന് അയാൾ വൃദ്ധനെ ഉപദേശിച്ചു. കൂടുതൽ പഴങ്ങൾ വാങ്ങി വിട്ടാൽ നിങ്ങൾക്കും അവനെക്കാൾ കുറഞ്ഞ വിലക്ക് പഴങ്ങൾ വിൽക്കാൻ കഴിയും ',അദ്ദേഹം ഉപദേശിച്ചു.

വൃദ്ധൻ ചിരിച്ചു കൊണ്ടു പറഞ്ഞു, ''ആ യുവാവ് മറ്റാരുമല്ല,എന്റെമകനാണ്.ഈപഴങ്ങളുംഅവന്റെയാണ്. ഇരുപതു രൂപയ്ക്കു അഞ്ചു പേരയ്ക്ക എന്ന് പറഞ്ഞാൽ പെട്ടെന്ന് വാങ്ങാൻ ആളുകൾക്ക് തോന്നില്ല. അവൻ ഇരുപതിന് ആറു പഴം എന്ന് പറയുമ്പോൾ മടിക്കാതെ ആളുകൾ വാങ്ങും ആളുകളുടെ മനസ്സ് മാറ്റാനാണ് എന്നെ ആദ്യം അയക്കുന്നത്. ഇതൊരു തന്ത്രം ''വൃദ്ധ വ്യാപാരി പറഞ്ഞു.




# ആഗ്രഹവും അത്യാഗ്രഹവും

'ചുമർ വിറ്റ് ചിത്രം വാങ്ങരുത്' എന്ന് പറയാറുണ്ട്. ആഗ്രഹത്തെക്കുറിച്ച് ഗാനങ്ങളും ഉണ്ട്. 'ഉറക്കം വിറ്റും കട്ടിൽ വാങ്ങാൻ ആഗ്രഹം... ചൂണ്ട വിറ്റും മീൻ വാങ്ങാൻ ആഗ്രഹം... നാക്ക് വിറ്റ് തേൻ വാങ്ങി, വെള്ളം വിറ്റ് ദാഹം വാങ്ങി, പൂ വിറ്റ് സുഗന്ധം വാങ്ങി, അമ്മയെ വിറ്റ് സ്നേഹം വാങ്ങി, പൂട്ട് വിറ്റ് താക്കോൽ വാങ്ങാൻ ആഗ്രഹം' ഇങ്ങനെ ഒരു ഗാനം തമിഴിൽ ഉണ്ട്. മനുഷ്യരുടെ അത്യാഗ്രഹങ്ങളുടെ രീതിയാണ് ഇത് വിശദീകരിക്കുന്നത്.

അത്യാഗ്രഹം മൂന്ന് തലങ്ങളിൽ ഉണ്ട്. ഒന്നാമത്തെ തലം, ഒരു വസ്തു വേണമെന്ന തോന്നൽ. രണ്ടാമത്തെ തലം, ആ വസ്തു എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കണമെന്ന തോന്നൽ. മൂന്നാമത്തെ തലം, അതില്ലാതെ ജീവിക്കാൻ കഴിയില്ലെന്ന് തീവ്രമായി ചിന്തിക്കൽ. ഇത്തരത്തിലുള്ള ആഗ്രഹം മനുഷ്യന്റെ ശത്രുവാണ്. നല്ല ആഗ്രഹങ്ങൾ ഉണ്ടായിരിക്കുമ്പോൾ 'ഈ ആഗ്രഹം എന്നെങ്കിലും ഒരു ദിവസം യാഥാർത്ഥ്യമാകും' എന്ന ആത്മവിശ്വാസത്തോടെ അധ്വാനിക്കാൻ കഴിയും. അത്യാഗ്രഹങ്ങളാകട്ടെ, 'ഈ ആഗ്രഹം നിറവേറിയില്ലെങ്കിൽ എനിക്ക് സമാധാനം ഉണ്ടാകില്ല' എന്ന രീതിയിൽ വെറി ഉണ്ടാക്കും.


**ദുരാഗ്രഹങ്ങൾ കണ്ടറിഞ്ഞ് അവയെ മനസ്സിൽ നിന്ന് തുടച്ചു നീക്കാൻ ചില വഴികളുണ്ട്:**

- ഒരു മരം മുറിക്കാൻ, ആദ്യം അതിന്റെ ചില്ലകൾ മുറിക്കണം. അതിനു ശേഷം തായ്ത്തടി എളുപ്പത്തിൽ മുറിച്ചെടുക്കാം. സമാനമായി ആഗ്രഹം എന്ന മരം മുറിക്കാൻ, ആദ്യം അതിന്റെ ചില്ലകളായ ഇഷ്ടാനിഷ്ടങ്ങൾ മുറിക്കണം.
- ദൈവഭക്തിയുള്ളവർക്ക്, 'നമുക്ക് ആവശ്യമുള്ളത് ദൈവം നൽകും' എന്ന് ദൈവത്തിന്റെ പക്കൽ സമർപ്പിച്ച് ദുരാഗ്രഹം ഒഴിവാക്കാം. അല്ലാത്തവർക്ക്, 'നമുക്ക് ഏത് നന്മ നൽകുമോ അത് തീർച്ചയായും നിറവേറും' എന്ന് ചിന്തിച്ച് ഒഴിഞ്ഞു നിൽക്കാം.
- നിർബന്ധബുദ്ധിയുള്ളവരുടെ മനസ്സിലാണ് അത്യാഗ്രഹം കൂടുതൽ ഉണ്ടാകുന്നത്. 'വേണം, വേണ്ട' എന്നതിൽ നിർബന്ധബുദ്ധി കാണിക്കരുത്. ഓരോന്നിന്റെയും അനന്തരഫലങ്ങൾ അറിഞ്ഞ് പ്രവർത്തിക്കണം.
- ഒരു വീട്ടിലെത്തുന്ന അതിഥി, ആ വീട്ടിലെ സംഭവങ്ങൾ കണ്ടും കണ്ടില്ലെന്നും ഉള്ള രീതിയിൽ പെരുമാറും. ആഗ്രഹങ്ങളുടെ കാര്യത്തിൽ ഇങ്ങനെ ആയിരിക്കണം. ആഗ്രഹത്തിന് അടിമയാകാതെ, മാറി നിന്ന് അതിനെ വീക്ഷിക്കണം. അത് ശരിയാണോ തെറ്റാണോ എന്ന് അപ്പോൾ മനസ്സിലാകും.
- നമുക്ക് എന്താണോ ലഭിക്കേണ്ടത് അത് ലഭിക്കും എന്ന് വിശ്വസിക്കണം. 'ഇത് നിർബന്ധമായും വേണം' എന്ന് വാശിപിടിച്ചാൽ ഉണ്ടാകുന്ന അനന്തരഫലങ്ങൾ ചിന്തിക്കണം. ആഗ്രഹത്തിന്റെ വേരറുക്കണം. 'എനിക്ക് ഇത് വേണം, ഇത് വേണ്ട' എന്നതിൽ വ്യക്തത ഉണ്ടായിരിക്കണം.
- ഒരു ആഗ്രഹം ഉണ്ടാകുന്നു. അത് പിന്തുടർന്നാൽ നമുക്ക് നന്മയാണോ പ്രശ്നങ്ങളോ ശേഷിപ്പിക്കുന്നത് എന്ന് ചിന്തിച്ചു നോക്കണം. അവസാനം നമുക്ക് സന്തോഷം നൽകുന്ന ആഗ്രഹങ്ങൾ മാത്രം പിന്തുടരണം.
- കാർ ഓടിക്കാനേ അറിയാത്തവർ കാർ റേസിൽ ജയിക്കണമെന്ന് ചിന്തിക്കുന്നതു പോലെ, ഇന്ന് നമ്മുടെ കൈകളിൽ ഇല്ലാത്ത ഒരു വിഷയത്തെക്കുറിച്ച് ആഗ്രഹിക്കുന്നത് അബദ്ധമാണ്. നമ്മെക്കൊണ്ട് നേടാൻ കഴിയില്ല എന്ന് സംശയിക്കുന്ന ഏത് ആഗ്രഹവും മറന്നു കളയുന്നതാണ് ഉത്തമം.




Available at Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in


Culture India™
TRADITIONAL KURTA • PANCHAKACHAM
BY
RAMRAJ
SCAN QR CODE
FOR STORE LOCATION
Available at Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in


RAMRAJ
SHIRTINGS & SUITINGS
COTTON • LINEN • TRADITIONAL
A weave of Comfort
and Confidence
Crafted for Distinction
Crafted for Comfort,
Tailored for Confidence.
SCAN QR CODE
FOR STORE LOCATION
Available at Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in




Available at Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in

# ആശാപാശങ്ങൾ...

ആശ അല്ലെങ്കിൽ ആഗ്രഹമാണ് മനുഷ്യന്റെ ശത്രു എന്ന് ശ്രീബുദ്ധൻപറയുന്നു. ആഗ്രഹങ്ങൾ ആണ് നമ്മുടെ ദുഃഖത്തിന്റെ കാരണം. അതു കൊണ്ട് ആഗ്രഹങ്ങൾ നാം ഉപേക്ഷിക്കണം. അപ്പോൾ ജീവിതം ദുഃഖത്തിൽ നിന്ന് മോചിതമാകും. കയറു കണ്ടിട്ടു് അത് പാമ്പാണ് എന്ന് ഭയപ്പെടുന്ന മനുഷരെപ്പറ്റി ഉപനിഷദ് പറയുന്നു. ആശാപാശങ്ങളിൽ നിന്ന് മോചനം നേടിയാലേ നമുക്ക് ജീവിത സൗഖ്യം അനുഭവിക്കാനാകൂ. പക്ഷേ ആഗ്രഹങ്ങളിൽ നിന്ന് നമുക്ക് എപ്പോഴെങ്കിലും മോചനം ഉണ്ടാകുമോ? ആഗ്രഹങ്ങൾ അത്ര ദോഷകരമാണോ?

ആഗ്രഹം അല്ലെങ്കിൽ ആശ അല്ലെങ്കിൽ മോഹം അല്ലെങ്കിൽ അഭിലാഷം മഹർഷിവര്യന്മാർക്ക് തെറ്റായ കാര്യമാകാം. പക്ഷേ സാധാരണ ജീവിതത്തിൽ നമ്മെ മുന്നോട്ടു നയിക്കുന്നത് ആഗ്രഹങ്ങൾ ആണ്. ധനമോ നല്ല ജീവിതമോ പ്രശസ്തിയോ ആഗ്രഹിക്കാത്ത ആരും തനെയുണ്ടാവില്ല. മനുഷ്യനെ നയിക്കുന്ന പ്രധാന ചോദനകൾ ആണിവ. പക്ഷേ അതിമോഹവും ആർത്തിയും ദുരാഗ്രഹവും മനുഷ്യനെ നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിവിടും. ദേവലോകത്ത് ഇന്ദ്രനായി വാണ നഹുഷൻ ഇന്ദ്രപത്നിയെ പ്രാപിക്കാനുള്ള വെമ്പലിൽ മുനിമാരുടെ ശാപമേറ്റു പാതാളത്തിലേക്ക് പതിച്ച കഥ ഉദാഹരണമാണ്.

ആഗ്രഹങ്ങൾ ഓരോ മനുഷ്യന്റെയും ചാലക ശക്തിയാണ്. എന്തെങ്കിലും മോഹമോ അഭിലാഷമോ ഇല്ലാത്ത ആരും ഉണ്ടാകില്ല. ആ ആഗ്രഹങ്ങൾ ആണ് ഒരാളെ മുന്നോട്ടു നയിക്കുന്നത്. തന്റെ ലക്ഷ്യം നിശ്ചയിക്കാൻ അവനെ പ്രേരിപ്പിക്കുന്നത്. പുതിയ ലക്ഷ്യങ്ങൾ കണ്ടെത്താൻ വഴിയൊരുക്കുന്നത്. നമ്മുടെ മുന്നേറ്റത്തിനു പിന്നിൽ ഇങ്ങനെ ഓരോ ആഗ്രഹം ഉണ്ടാകും. സാധാരണക്കാരൻ ചെറിയ ലക്ഷ്യങ്ങൾ മുന്നിൽ കാണുമ്പോൾ കുടുതൽ മികവുള്ളവർ വലിയ സാധനകൾ തന്നെ ലക്ഷ്യം വയ്ക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ നേട്ടങ്ങൾ ആയിരിക്കണം ഇതിന് പിന്നിൽ.

പക്ഷേ കൂടുതൽ വിജയിക്കുന്തോറും നമ്മുടെ ആഗ്രഹങ്ങൾ വർദ്ധിക്കുന്നു. അതിമോഹങ്ങൾ നമ്മെ വലയം ചെയ്യുന്നു. ആർത്തി കൊണ്ട് നമുക്ക് സാധിക്കാവുന്നതിൽ കുടുതൽ കൈവശപ്പെടുത്താൻ നാം ശ്രമിക്കുന്നു. ഒരു മനുഷ്യന് ആറടി മണ്ണ് മതി എന്നോർക്കാതെ എല്ലാം വെട്ടിപ്പിടിക്കുന്നു, ടോൾസ്റ്റോയിയുടെ ആ പേരിലുള്ള കഥയിലെ പോലെ.

ആഗ്രഹവും ദുരാഗ്രഹവും ഒരു നാണയത്തിന്റെ ഇരു വശമാണ്. നന്മയെക്കാൾ നമുക്ക് തിന്മയോടാണ് പൊതുവേ താൽപര്യം അധ്വാനിച്ചു നേടുന്നതിനേക്കാൾ കുറുക്കു വഴികളാണ് നമുക്ക് പഥ്യം അത് നമ്മേ നാശത്തിലേക്ക് തള്ളി വിടും. ഗുണകരമായ ഒരു വികാരം ചീത്തയായി മാറിയാൽ അത് നാശത്തിലേക്ക് നമ്മെ തള്ളി വിടാം.

ആഗ്രഹങ്ങളെ നിയന്ത്രിക്കുക എന്നതാണ് ഇതിന് ഏക പരിഹാരം. വികാരങ്ങളെ നിയന്ത്രിക്കുക എന്നത് എളുപ്പമല. പക്ഷേ ചിന്തയും സാമൂഹിക നിയന്ത്രണങ്ങളും അതിന് കാരണമാകും. ആശ ഒരു പാശമല്ല, നേർവഴി നടന്നാൽ നമ്മുടെ ജീവിത വിജയത്തിന്റെ പ്രധാന ഘടകമാണ്. ●


RAMRAJ

# വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 6 ലക്കം 11

ജൂലൈ് 2024

ഓണററി എഡിറ്റർ

**കെ ആർ നാഗരാജൻ**

പത്രാധിപർ

**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ

**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ

**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും

തരു മീഡിയ (പ്രൈ) ലിമിറ്റഡ്

10/55, രാജു തെരുവ്

വെസ്റ്റ് മാമ്പലം,

ചെന്നൈ 600033



ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.



Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

# ആഗ്രഹത്തിന് എന്താണ് വേണ്ടത്?

പണ്ഡിതനായ സോക്രട്ടീസിനെ ഒരു യുവാവ് സമീപിച്ച്, 'ജീവിതത്തിൽ വിജയിക്കാൻ ആഗ്രഹമുണ്ട്. അതിന് ആവശ്യമായ അറിവും കഴിവും എനിക്ക് എങ്ങനെ ലഭിക്കും?' എന്ന് ചോദിച്ചു. സോക്രട്ടീസ് സാവകാശം അവനെ തലയുയർത്തി നോക്കി, 'എന്നോടൊപ്പം വരൂ' എന്ന് പറഞ്ഞ് നടക്കാൻ തുടങ്ങി. അവൻ പിന്നാലെയും. ആ നാടിന്റെ അതിർത്തിയിൽ ഉണ്ടായിരുന്ന കുളത്തിലെത്തിയ സോക്രട്ടീസ്, കുളത്തിനുള്ളിൽ ഇറങ്ങി നടന്നു. പിന്നാലെ അവനും.

കഴുത്തളവ് വെള്ളത്തിൽ എത്തിയപ്പോൾ അദ്ദേഹം പെട്ടെന്ന് ആ യുവാവിന്റെ കഴുത്തിൽ പിടിച്ച് തല വെള്ളത്തിൽ മുക്കി. ഇത് പ്രതീക്ഷിക്കാത്ത അവന് ശ്വാസം മുട്ടി. ധാരാളം വെള്ളം കുടിച്ച്, അവശനായി മരിച്ചു പോകുമോ എന്ന് ഭയന്ന നിമിഷത്തിൽ സോക്രട്ടീസിന്റെ പിടിയിൽ നിന്ന് കുതറി മുകളിൽ വന്നു. വേഗത്തിൽ കരയിൽ ഓടിയെത്തി, നന്നായി ശ്വാസം എടുക്കാൻ ആരംഭിച്ചു.

'നിന്നെ കൊല്ലുക ആയിരുന്നില്ല എന്റെ ലക്ഷ്യം. നിനക്ക് ഇതൊരു അനുഭവമായിരിക്കണം എന്നതേ ഉള്ളു. വെള്ളത്തിൽ മുങ്ങിയപ്പോൾ നിനക്ക് ഏതാണ് അടിയന്തര ആവശ്യമായി തോന്നിയത്?' എന്ന് സോക്രട്ടീസ് ചോദിച്ചു. 'ശ്വാസം' എന്ന് പറഞ്ഞു അവൻ. 'അതേ പോലെ അറിവ് നേടണമെന്ന് ആഗ്രഹമുണ്ടെങ്കിൽ തീർച്ചയായും അത് നേടാം' എന്ന് പറഞ്ഞു സോക്രട്ടീസ്.


ഈ ജീവിതത്തിൽ നിങ്ങൾ എന്തെങ്കിലും നേടണമെന്ന് ആഗ്രഹിച്ചാൽ, ശ്വാസം പോലെ അതേക്കുറിച്ച് ചിന്തിച്ച് ഇന്നേ അതിനായി അധ്വാനിക്കാൻ ആരംഭിക്കണം. ആത്മവിശ്വാസത്തേയും കഴിവിനേയുംകാൾ ആഗ്രഹമാണ് പല നേട്ടങ്ങൾക്കും കാരണമായിരിക്കുന്നത്.

ഇത് ചെയ്തു തന്നെ ആകണം എന്ന ആഗ്രഹം മനസ്സിൽ ഉണ്ടാകുമ്പോൾ, അത് നേടാനുള്ള വഴി തെളിയും. സത്യസന്ധമായ ആഗ്രഹം എങ്ങനെ നിറവേറ്റണം എന്ന് വഴി അറിയാതെയാണ് പലരും തോറ്റുപോകുന്നത്.



കണ്ടക്ടർ ബെല്ലടിക്കുമ്പോൾ ബസ് ചലിക്കാൻ തുടങ്ങുന്നതു പോലെ, പിന്നിൽ ഒരു ശക്തി ഉണ്ടെങ്കിലേ നമുക്ക് മുന്നേറാൻ കഴിയൂ എന്ന് ധാരാളം പേർ ചിന്തിക്കുന്നുണ്ട്. കാത്തിരിക്കുന്നതിൽ അർത്ഥമില്ല. അടുത്ത അവസരം എപ്പോൾ വാതിലിൽ മുട്ടും എന്ന് പ്രതീക്ഷിച്ചിരിക്കാതെ, ഇപ്പോൾ കൈവശമുള്ള അവസരം പ്രയോജനപ്പെടുത്തണം. നമ്മുടെ പൂർണമായ പരിശ്രമം ഉപയോഗപ്പെടുത്തുന്നതിനേക്കാൾ മികച്ചത് മറ്റൊന്നുമില്ല. ഇന്ന് നാം ഒന്നും ചെയ്യാതെ വെറുതേ ഇരുന്നാൽ, നാളെ എന്നൊന്ന് ഇല്ല. നാളത്തെ മനുഷ്യർക്കു വേണ്ടി കാത്തിരിക്കാതെ, ഇന്നത്തെ മനുഷ്യരോടൊപ്പം ഈ ദിവസം ആഘോഷിക്കണം. നാളത്തെ പ്രവർത്തിയുടെ ഫലങ്ങൾക്കായി കാത്തിരിക്കാതെ, ഇന്നത്തെ പ്രവർത്തികൾ ചെയ്യണം. നാളത്തെ മാറ്റങ്ങളിൽ വിശ്വസിച്ചിരിക്കാതെ, ഇന്നത്തെ ദിവസത്തെ മാറ്റാൻ അധ്വാനിക്കണം.

ഓരോ മനുഷ്യന്റെ ജീവിതവും ഒരു കഥയാണ്. അത് മികവോടെ എഴുതാനുള്ള അവസരവും അവർക്ക് ലഭിക്കും. നമ്മുടെ കഴിഞ്ഞ കാലത്തേക്കാൾ ഭാവികാലം മികച്ചതായി മാറണം എന്നതാണ് ഓരോരുത്തരുടെയും ആഗ്രഹം. ഇന്ന് നാം എവിടെയാണ് ഉള്ളത് എന്ന് ചിന്തിച്ചു നോക്കണം. ഇന്ന് നാം മികവോടെ ചെയ്യുന്ന ഒരു അധ്വാനം ഒരു ആഴ്ചയ്ക്കു മുമ്പേ ചെയ്തിരുന്നെങ്കിൽ ഇന്ന് നാം എവിടെ എത്തിയിരുന്നിരിക്കും? ചിന്തിച്ചു നോക്കണം. ഒരു മാസത്തിനു മുമ്പേ, ഒരു വർഷത്തിനു മുമ്പേ, അഞ്ച് വർഷത്തിനു മുമ്പേ ഇങ്ങനെ അധ്വാനിച്ചിരുന്നെങ്കിൽ, ഇന്ന് നാം എവിടെ എത്തിയിരുന്നിരിക്കും. ലഭിക്കുന്ന ഉത്തരം നമുക്ക് വേദന നൽകും. ഇനിയും ചില വർഷങ്ങൾ കഴിഞ്ഞ് ഇത്തരത്തിൽ ഒരു ചോദ്യം ചോദിക്കുമ്പോൾ പശ്ചാത്താപം ഉണ്ടാകരുത്. ആ





ബോധം ഉണ്ടായിരുന്നാൽ മതി. ന്യായമായ ആഗ്രഹങ്ങൾ നിറവേറ്റുന്ന താരക മന്ത്രം ഇതാണ്.

ഒരു ഗ്രാമത്തിൽ രണ്ട് സഹോദരങ്ങൾ ഉണ്ടായിരുന്നു. ജ്യേഷ്ഠൻ കായികക്ഷമത ഉള്ളവനായിരുന്നു. വീട്ടു ജോലികളിൽ രക്ഷിതാക്കളെ സഹായിക്കും. നന്നായി ഭക്ഷണം കഴിക്കും. അനുജനാകട്ടെ ജന്മനാ ദുർബലനായിരുന്നു. പഠനവൈകല്യം ഉള്ള കുട്ടിയായിരുന്നതിനാൽ, എല്ലാം സാവകാശമേ ചെയ്യൂ.

ആ ഗ്രാമത്തിൽ ഒരു നദി ഉണ്ട്. മറുകര കാണാത്തത്ര വിശാലമായ നദി. ആ നദിയിൽ ജ്യേഷ്ഠനും അനുജനും ഇടയ്ക്കിടെ മത്സരം വച്ചിരുന്നു. 'ആര് ആദ്യം മറുകര എത്തും' എന്നതായിരുന്നു മത്സരം. നീന്തുമ്പോൾ ഭയന്ന് ആര് ആദ്യം പുറപ്പെട്ട ഇടത്ത് തിരിച്ചെത്തുന്നുവോ, അവൻ തോറ്റു എന്ന് അർത്ഥം. അതിനാൽ, നീന്താൻ തുടങ്ങുമ്പോഴേ, തിരിച്ചു വരാനുള്ള കരുത്തും ശേഖരിച്ചിട്ടുണ്ടായിരിക്കണം.

ഓരോ തവണ മത്സരം നടക്കുമ്പോഴും അനുജൻ തന്നെ ഭയത്തിൽ ആദ്യം തിരിച്ചെത്തും. അൽപ ദൂരം നീന്തുമ്പോഴേ അവന് കാല് വേദനിക്കാൻ തുടങ്ങും, ശ്വാസം മുട്ടും. കരയിൽ തിരിച്ചെത്തിയതും ജ്യേഷ്ഠൻ അവനെ കളിയാക്കി ചിരിക്കും.

അവസാനം ഒരിക്കൽകൂടി അവർ മത്സരം വച്ചു. ഇത്തവണ അനുജന് പതിവു പോലെ വെപ്രാളം ഇല്ല. കാല് വേദനിക്കുന്നു എന്ന് കരഞ്ഞില്ല. സ്വാഭാവികമായി ശ്വാസമെടുത്ത് നീന്താൻ ആരംഭിച്ചു. അവൻ തിരികെപ്പോകും എന്ന് പ്രതീക്ഷിച്ച ജ്യേഷ്ഠന് ഞെട്ടൽ. പതിവിനേക്കാൾ വേഗത്തിൽ അവൻ നീന്തിക്കൊണ്ടിരുന്നു.

ജ്യേഷ്ഠന് ഇപ്പോൾ ഭയം തോന്നിത്തുടങ്ങി. "അനുജാ, നമ്മൾ പതിവിലും കൂടുതൽ ദൂരം എത്തി. തിരിഞ്ഞു നോക്കിയാൽ, നാം പുറപ്പെട്ട കര തന്നെ കാണാനില്ല' എന്ന് പറഞ്ഞു. അനുജൻ സമാധാനത്തോടെ, 'എന്തിന് തിരിഞ്ഞു നോക്കണം? മറുകര എത്തുകയാണല്ലോ നമ്മുടെ മത്സരം. നാം പുറപ്പെട്ട കര എവിടെ ആണെങ്കിലെന്ത്?' എന്ന് ചോദിച്ചു.

'അതല്ല, കഴിയില്ലെങ്കിൽ തിരികെ പോകണ്ടേ? അതിനു വേണ്ടി നോക്കിയതാണ്' എന്ന് പറഞ്ഞു ജ്യേഷ്ഠൻ. 'നീ പരാജയം സമ്മതിച്ച് തിരിച്ചു പോകുന്നുണ്ടോ?' എന്ന് അനുജൻ ചോദിച്ചപ്പോൾ അവന് രോഷം വന്നു. 'ഇല്ല' എന്ന് പറഞ്ഞ് തുടർന്ന് നീന്തി.

ഇങ്ങനെ തർക്കിച്ച് അവർ നീന്തിക്കൊണ്ടിരുന്നു. ഒരു ഘട്ടത്തിൽ ജ്യേഷ്ഠൻ കൂടുതൽ ഭയന്ന്, 'അനുജാ, വാ, തിരിച്ചു പോകാം' എന്ന് പറഞ്ഞു. അനുജൻ ഉറപ്പോടെ, 'കഴിയില്ല. ഇപ്പോൾ മറുകരയാണ് നമുക്ക് അടുത്തുള്ളത്. തിരിച്ചു പോകുന്നതിനേക്കാൾ, മറുകരയിൽ എത്തുന്നതാണ് നല്ലത്' എന്ന് പറഞ്ഞു. ജ്യേഷ്ഠൻ ഭയന്ന് തിരിച്ചു പോകാൻ നീന്തുമ്പോൾ വെള്ളത്തിൽ മുങ്ങിപ്പോയി. അവനെ രക്ഷപ്പെടുത്തി തന്റെ മുതുകിൽ ചുമന്ന് മറുകര എത്തി അനുജൻ.

കരയിൽ എത്തി അൽപ നേരം കഴിഞ്ഞ് കണ്ണു തുറന്ന ജ്യേഷ്ഠൻ, 'എങ്ങനെ ഇത് സാധിച്ചു?' എന്ന് അനുജനെ ചേർത്തു പിടിച്ചു കൊണ്ട് ചോദിച്ചു. 'ഇന്ന് ഞാൻ തിരിച്ചു പോകാനുള്ള കരുത്ത് ശേഖരിച്ചു വച്ചില്ല. ജീവൻ പണയം വച്ചും മറുകര എത്തണം എന്ന് ആഗ്രഹിച്ചു' എന്ന് പറഞ്ഞു അനുജൻ.

നിങ്ങൾ തീരുമാനിക്കുക എന്നത് ഏത് ആഗ്രഹവും സാധിക്കാനുള്ള ലക്ഷ്യമാണ്. പക്ഷേ, തീരുമാനിക്കേണ്ടത് പ്രധാനം. ●

# നിറവിന് ആഗ്രഹിക്കണം

അമേരിക്കയിലെ കോടീശ്വരനായ ഒരാളോട് ഒരിക്കൽ, 'എത്ര പണം ഉണ്ടെങ്കിൽ നിറവ് ഉണ്ടാകും?' എന്ന് ഒരാൾ ചോദിച്ചു. 'എന്റെ പക്കൽ ഉള്ളതിനേക്കാൾ കൂടുതൽ പണം' എന്നായിരുന്നു ധനികന്റെ മറുപടി.

ഫ്രാൻസ് രാജാവായിരുന്നു ലൂയി പതിനാലാമൻ. യൂറോപ്യൻ ഭൂഖണ്ഡത്തിലെ ഏറ്റവും വലിയ രാജ്യമായിരുന്നു അന്ന് ഫ്രാൻസ്. ദീർഘകാലം അദ്ദേഹം രാജ്യം ഭരിച്ചു. രാജ്യം സമ്പദ്സമൃദ്ധമായിരുന്നു. ആഗ്രഹിച്ചതെന്തും അദ്ദേഹത്തിന് ലഭിക്കുന്നത്ര കൊട്ടാരവും സമൃദ്ധമായിരുന്നു. എന്നിരുന്നാലും അദ്ദേഹം പുതിയ പുതിയ നിയമങ്ങൾ കൊണ്ടുവന്നു. കൂടുതൽ അധികാരം ആഗ്രഹിച്ചു.

ഇത്തരത്തിൽ 'ഇനിയും ഇനിയും വേണം' എന്ന ചിന്തയാണ് പല ആഗ്രഹങ്ങളുടെയും അടിസ്ഥാനം. വലിയ മനുഷ്യർക്ക് വലിയ അത്യാഗ്രഹങ്ങൾ; ചെറിയ മനുഷ്യർക്ക് ചെറിയ അത്യാഗ്രഹങ്ങൾ.

ഒരു രാജാവിന് ഒരു ശീലം ഉണ്ടായിരുന്നു. ദിവസവും അതിരാവിലെ കൊട്ടാരത്തിൽ നിന്ന് പുറത്തു വരുമ്പോൾ ആദ്യം കാണുന്ന മനുഷ്യന്റെ ആഗ്രഹങ്ങൾ ചോദിച്ചറിഞ്ഞ് അത് നിറവേറ്റും. ഒരു ദിവസം അങ്ങനെ വരുമ്പോൾ, ഒരു ഭിക്ഷാംദേഹി എതിരിൽ വന്നു. 'സന്ന്യാസിക്ക് എന്ത് ആഗ്രഹം ഉണ്ടാകാനാണ്? ലളിതമായി എന്തെങ്കിലും ആവശ്യപ്പെടും. അത് നിറവേറ്റാം' എന്ന് ചിന്തിച്ചു രാജാവ്.

സന്ന്യാസിയെ തൊഴുത് തന്റെ ശീലം പറഞ്ഞു. 'താങ്കളുടെ ആഗ്രഹം എന്താണെന്ന് പറയൂ, നിറവേറ്റാം' എന്ന് പറഞ്ഞു. സന്ന്യാസിയാകട്ടെ, 'വേണ്ട, മന്നൻ, താങ്കളെക്കൊണ്ട് അതിന് കഴിയില്ല. വാക്കു നൽകി ഊരാക്കുടുക്കിലാകരുത്' എന്ന് പറഞ്ഞു. രാജാവിന് ദേഷ്യം വന്നു. 'എന്നെക്കൊണ്ട് സാധ്യമല്ലാത്തത് ഈ ലോകത്തുണ്ടോ? താങ്കളുടെ ആഗ്രഹം പറയൂ' എന്ന് പറഞ്ഞു. 'ശരി, താങ്കളുടെ ഇഷ്ടം പോലെയാകട്ടെ' എന്ന് പറഞ്ഞു കൊണ്ട് സന്ന്യാസി തന്റെ കൈവശം ഉണ്ടായിരുന്ന ഭിക്ഷാ പാത്രം കാണിച്ചു. 'ഇതിൽ എന്തെങ്കിലും ദാനം ചെയ്ത് ഈ പാത്രം നിറയ്ക്കൂ' എന്ന് പറഞ്ഞു.

രാജാവ് ഉടൻ തന്റെ മന്ത്രിയെ വിളിച്ചു. 'ആ പാത്രം നിറയെ നാണയങ്ങൾ ഇടൂ' എന്ന് പറഞ്ഞു. ഒരു കൈപ്പിടി നാണയങ്ങൾ വാരിയിട്ടതും, നാണയങ്ങൾ അതിനുള്ളിലേക്ക് പോയി. വീണ്ടും ഇടുന്തോറും നാണയങ്ങൾ ഉള്ളിൽ പോയിക്കൊണ്ടേയിരുന്നു. പാത്രം നിറഞ്ഞില്ല. ചാക്കു കണക്കിന് നാണയങ്ങൾ കൊണ്ട് തട്ടി. അപ്പോഴും നിറഞ്ഞില്ല. ഒരു ചെറിയ പാത്രം എങ്ങനെ ഇത്രയും നാണങ്ങൾ വിഴുങ്ങുന്നത് എന്ന് എല്ലാവർക്കും അതിശയം. രാജാവിന് തന്റെ കണ്മുന്നിൽ സംഭവിക്കുന്ന വിശ്വസിക്കാനും കഴിഞ്ഞില്ല.

ഖജനാവ് കാലിയായി. തുടർന്ന് സ്വർണ, വജ്രാഭരണങ്ങൾ കൊണ്ടുവന്നിട്ടു. കൊട്ടാരത്തിൽ ഇനി ദാനം ചെയ്യാൻ ഒന്നുമില്ല എന്ന നിലയായി. അപ്പോഴും ആ ഭിക്ഷാപാത്രം നിറഞ്ഞില്ല.

വന്നിരിക്കുന്നത് സാധാരണ സന്ന്യാസി അല്ല എന്ന് രാജാവിന് മനസ്സിലായി. അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു കൊണ്ട്, 'ഞാൻ പരാജയം സമ്മതിക്കുന്നു. ആരുടെ ആഗ്രഹവും എനിക്ക് പൂർത്തീകരിക്കാൻ കഴിയില്ല' എന്ന് പറഞ്ഞു. സന്ന്യാസി ചിരിച്ചു. 'എന്തു കൊണ്ട് ഈ പാത്രം നിറയുന്നില്ല' എന്ന് രാജാവ് സംശയത്തോടെ ചോദിച്ചു. 'ഒന്നിലും നിറവില്ലാതെ





മരിച്ചുപോയ ഒരു അത്യാഗ്രഹിയുടെ മനസ്സ് വച്ചാണ് ഇത് ഉണ്ടാക്കിയത്. അതു കൊണ്ടാണ് ഇത് ഇങ്ങനെ. ഈ ലോകത്തിലെ എല്ലാ സമ്പത്തുകളും കൊണ്ടിട്ടാലും ഇത് നിറയില്ല. വിഷമിക്കേണ്ട, പരാജയം സമ്മതിച്ച നിന്റെ സമ്പത്തുകൾ തിരികെ വരും' എന്ന് പറഞ്ഞ് സന്ന്യാസി നടന്നു.

ജോലി, ബിസിനസ്, കച്ചവടം, വിനോദം, ബന്ധുക്കൾ, ചുറ്റുപാട് എന്നിങ്ങനെ എന്തു തന്നെ ആയിരുന്നാലും അതിൽ ആദ്യം നാം നേടാൻ ആഗ്രഹിക്കേണ്ടത് തൃപ്തിയും നിറവുമാണ്.

ഒരു ജോലി ഉണ്ടെങ്കിൽ, ഇന്ന് ആ ജോലി പൂർണമായ മനസംതൃപ്തി ലഭിക്കുന്ന അളവിൽ ചെയ്യണം. ഒരു ബിസിനസ് ചെയ്യുകയാണെങ്കിൽ, അതിൽ നിങ്ങൾ ഉൽപാദിപ്പിക്കുന്നത് തൃപ്തികരമായ ഒരു ഉൽപന്നമായിരിക്കണം. ഒരു കച്ചവടം നടത്തുകയാണെങ്കിൽ, ഉപഭോക്താക്കൾക്ക് സംതൃപ്തി ഉണ്ടാകുന്ന അളവിൽ അത് ചെയ്ത്, അതിൽ നിങ്ങൾക്ക് മനസംതൃപ്തി ഉണ്ടാകണം. ഒരു വിനോദോപാധിയാണെങ്കിലും അത് മികവോടെ ചെയ്യണം, എന്നാൽ അതിൽ മുഴുകിപ്പോകുകയും അരുത്. ബന്ധങ്ങൾ നേടുന്നതും പൂർണ മനസ്സോടെ ആയിരിക്കണം. അവരെ നിസ്സാരരായി കാണരുത്.

ഇങ്ങനെ എല്ലാ നിറവോടെ ചെയ്യാൻ ആഗ്രഹിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ സ്നേഹം നുരഞ്ഞു പൊന്തും. മുഖത്തിൽ വിടർന്ന പുഞ്ചിരി സഹിതം സമാധാനത്തോടെ ഉറങ്ങാൻ കഴിയും.

ജീവിതം എന്നത് പലർക്കും ഒരു റിലേ ഓട്ടപ്പന്തയം പോലെ ആയിട്ടുണ്ട്. വിദ്യാഭ്യാസത്തിനു പിന്നാലെ, ജോലിക്കു പിന്നാലെ, പണത്തിനു പിന്നാലേ, വിജയത്തിനു പിന്നാലേ, പ്രശസ്തിക്കു പിന്നാലേ ഓടിക്കൊണ്ടേയിരിക്കുന്ന ഒരു റിലേ യാത്രയാണ് അത്. ഇതിൽ ഏതെങ്കിലും ഒരു ഘട്ടത്തിൽ നിറവ് നേടാത്തവർ, ഓടി തളർന്നു പോകും.


ഈ ഓട്ടം മാത്രമാണ് പ്രധാനം എന്ന് ചിന്തിക്കുന്ന ചിലരാകട്ടെ, ജീവിതത്തിലെ മറ്റെല്ലാ അനുഭവങ്ങളും നഷ്ടപ്പെടുത്തും. കുട്ടികളുടെ സ്നേഹം, ബന്ധങ്ങളുടെ കരുതൽ, സൗഹൃദങ്ങളുടെ അടുപ്പം, ഇങ്ങനെ ഒന്നും ലഭിക്കാതെ ജീവിക്കുന്നത് അസംബന്ധം അല്ലേ? ഏതെങ്കിലും ഒരു ഘട്ടത്തിൽ നിറവ് നേടി, എല്ലാവരേയും തിരിഞ്ഞു നോക്കണം. മറ്റുള്ളവർ നമ്മളോട് എങ്ങനെ പെരുമാറണം എന്ന് ചിന്തിക്കുന്നുവോ അതേ പോലെ നാമും മറ്റുള്ളവരോട് പെരുമാറണം.

ഏതെങ്കിലും ഒരു സുഹൃത്ത് പ്രശ്നങ്ങളിൽ അകപ്പെട്ട് ഉഴറുമ്പോൾ പരിഹാരം കാണാൻ ആദ്യം വിളിക്കുന്നത് നിങ്ങളായിരിക്കണം. ബന്ധുക്കളിൽ ഒരാൾ ദുരിതത്തിലാകുമ്പോൾ സഹായം ചെയ്യാൻ ആദ്യം ഓടിയെത്തുന്ന മനുഷ്യനായിരിക്കണം നിങ്ങൾ. അടുത്ത ഒരാൾ ദുഃഖിതരായിരിക്കുമ്പോൾ ആശ്വാസം തേടുന്ന തോളുകൾ നിങ്ങളുടേതായിരിക്കണം. ഇത്തരത്തിലുള്ള പ്രവർത്തികളിലൂടെ ലഭിക്കുന്ന നിറവ് നിങ്ങളുടെ ആഗ്രഹങ്ങളെ ആകൃതിപ്പെടുത്തും. നല്ല സുഹൃത്തായും ഉത്തമ ബന്ധുവായും പ്രിയങ്കരരായ ജീവിതപങ്കാളിയായും സ്നേഹമുള്ള രക്ഷിതാക്കളായും കഴിവുറ്റ തൊഴിലാളിയായും സത്യസന്ധരായ തൊഴിലുടമയായും... ഇത്തരത്തിൽ നാം ആഗ്രഹിക്കേണ്ട പദവികൾ നിരവധിയുണ്ട്. ഇവ എല്ലാത്തിലും നിറവ് ലഭിക്കും എന്നതാണ് പ്രത്യേകതയും. ●

## ആഗ്രഹം നൽകുന്ന വേദന

ആഗ്രഹങ്ങളെ ഭൂരിഭാഗവും സന്തോഷവുമായി ബന്ധപ്പെടുത്തിയാണ് സംസാരിക്കാറുള്ളത്. ആഗ്രഹങ്ങളെക്കുറിച്ചുള്ള സങ്കൽപങ്ങൾ തന്നെ നമുക്ക് സന്തോഷം നൽകും. പക്ഷേ, ആഗ്രഹം നൽകുന്ന വേദന അത്ര സുഖകരമല്ല. നിരാശകൾ എപ്പോഴും അങ്ങനെയാണ്. നിങ്ങളുടെ കുട്ടിക്ക് ഐസ്ക്രീം വാങ്ങി നൽകാമെന്ന് പറയുന്നു. ഉടനേ കുട്ടിയുടെ പ്രതീക്ഷ അധികരിക്കും. ആ ഐസ്ക്രീമിന്റെ മാധുര്യമൂറുന്ന രുചി അത് സങ്കൽപിച്ച് ആഗ്രഹിക്കും. അൽപ നേരം കഴിഞ്ഞ് നിങ്ങളുടെ മനസ്സ് മാറുന്നു. 'ഇപ്പോൾ ഐസ്ക്രീം കഴിച്ചാൽ ജലദോഷം പിടിക്കും. മറ്റൊരു ദിവസം കഴിക്കാം' എന്ന് പറയുന്നു. ഉടനേ കുട്ടി കരയാൻ ആരംഭിക്കുന്നു. ആഗ്രഹം നിറവേറാത്ത നിരാശയുടെ വേദനയാണ് അത്.

നിങ്ങൾ ഐസ്ക്രീം വാങ്ങി നൽകാമെന്ന് പറയുന്നതിന് മുമ്പു വരെ, കുട്ടിക്ക് ആ പ്രതീക്ഷ ഉണ്ടായിരുന്നില്ല. നിരാശപ്പെടുമ്പോൾ, 'ഞാനാണോ ചോദിച്ചത്, അദ്ദേഹം വാങ്ങിത്തരാമെന്ന് പറഞ്ഞു, ഇപ്പോൾ വാങ്ങിത്തരില്ലെന്നും പറയുന്നു.' യഥാർത്ഥത്തിൽ നമുക്ക് നഷ്ടപ്പെടാൻ ഒന്നുമില്ലല്ലോ എന്ന ബോധ്യം ആ കുട്ടിക്ക് ഉണ്ടായിരുന്നെങ്കിൽ, നിരാശ ഉണ്ടാകില്ല. ആഗ്രഹങ്ങളെ ഇത്തരത്തിൽ വ്യക്തതയോടെ സമീപിക്കണം.



## ആഗ്രഹങ്ങൾ ഒഴിവാക്കരുത്

വളരാൻ കഴിയാത്തവരും വളരാൻ ആഗ്രഹമില്ലാത്തവരും ചില തത്വങ്ങൾ പറഞ്ഞ് ആഗ്രഹങ്ങൾ ഒഴിവാക്കാൻ നോക്കും. 'കോടിക്കണക്കിന് സമ്പാദിച്ച് സ്വർണവും വൈരവും ഭക്ഷിക്കാൻ കഴിയുമോ? പതിവു പോലെ നാല് ഇഡ്ഡലി അല്ലേ കഴിക്കാൻ പോകുന്നത്. അതിന് എന്തിന് വിശ്രമിക്കാതെ സമ്പാദിക്കണം?' എന്ന് ചിലർ ചോദിക്കും. മറ്റ് ചിലരാകട്ടെ, 'സ്വത്തും പണവുമെല്ലാം ഒരുപാടായാൽ പ്രശ്നമാണ്. ഇൻകംടാക്സ് ശല്യം ഒരുഭാഗത്ത്, ഏത് സമയത്ത് ഏതിൽ നഷ്ടം വരും എന്ന ആശങ്ക മറ്റൊരു ഭാഗത്ത്. കിടന്നാൽ ഉറക്കം വരില്ല. എനിക്ക് സമാധാനമുണ്ട്. അതല്ലേ ആവശ്യം' എന്ന് ദാരിദ്ര്യത്തെ ന്യായീകരിക്കും.

'മനസ്സമാധാനമാണ് ഏറ്റവും വലിയ സ്വത്ത്' എന്ന് പറയും ഇവർ. എന്നിരുന്നാലും, വളരാനുള്ള അവസരങ്ങൾ പലത് ഉണ്ടായിരുന്നാലും അവ എല്ലാം അവഗണിച്ച് ഇങ്ങനെ പറയുന്നത് ന്യായമല്ല. 'എനിക്ക് വളരാൻ കഴിയും. ഞാൻ വളർന്നാൽ, അതിലൂടെ മറ്റു പലരും വളരും. ഈ സമൂഹത്തിന് ഞാൻ നൽകുന്നത് ഇതാണ്' എന്ന് ആഗ്രഹിക്കുന്ന ആരും വളർച്ച കാണാതിരുന്നിട്ടില്ല.

## ഈ ആഗ്രഹങ്ങൾ വേണ്ട

നാം ആഗ്രഹിച്ച് ചെയ്യുന്ന ചില പ്രവർത്തികളാണ് പലരെയും സങ്കടത്തിലാഴ്ത്തുന്നത്. നമ്മുടെ വളർച്ചയ്ക്കും മറ്റുള്ളവരോട് സഹകരിച്ച് ജീവിക്കുന്നതിനും തടസ്സമായിരിക്കുന്ന ഈ ആഗ്രഹങ്ങൾ ഒഴിവാക്കണം:

- പ്രധാനപ്പെട്ട ജോലികൾ ഉള്ളപ്പോൾ, അവ ഒഴിവാക്കി വിനോദങ്ങളിൽ മുഴുകുന്നത്.
- നമുക്ക് പോഷകവും ആരോഗ്യവും നൽകാതെ, രുചി മാത്രമുള്ള അപകടകരമായ ഭക്ഷണം കഴിക്കുന്നത്.
- മറ്റുള്ളവരെക്കുറിച്ച് അപവാദം പറയുന്നത്, കരുണയില്ലാത്ത വാക്കുകൾ കൊണ്ട് വിമർശിക്കുന്നത്.
- കൈവശം പണമില്ലെങ്കിലും കൈയിലൊതുങ്ങാത്ത വസ്തുക്കൾ കടമായെങ്കിലും വാങ്ങുന്നത്.
- കള്ളം പറഞ്ഞും പുകഴ്ത്തിയും കബളിപ്പിക്കുന്ന മനുഷ്യരെ വിശ്വസിക്കുന്നത്.
- നിയമങ്ങൾ പാലിക്കാതിരിക്കുന്നത്, അനീതികൾക്ക് അരികു നിൽക്കുന്നത്.
- അസത്യമായ കാര്യങ്ങൾ വിശ്വസിക്കുന്നത്, മറ്റുള്ളവർക്കിടയിൽ അത് പടർത്തുന്നത്.

ഈ ഏഴ് ആഗ്രഹങ്ങളും ഒരാൾക്ക് സന്തോഷം നൽകുമെങ്കിലും അവരുടെ പേര് നശിപ്പിക്കും.



## കൂടുതൽ ആഗ്രഹിക്കണം

നിങ്ങൾ ജീവിതത്തിൽ എന്തായിത്തീരണം എന്നത് നിങ്ങളുടെ മനസ്സ് ആഗ്രഹിക്കും. മനസ്സ് പറയുന്നതു കേട്ട് അതിന് അനുസൃതമായി പ്രവർത്തിക്കണം' എന്ന് പറയുന്നു ആപ്പിൾ സ്ഥാപകൻ സ്റ്റീവ് ജോബ്സ്. 'വിശപ്പോടിരിക്കൂ, വിഡ്ഢിയെപ്പോലിരിക്കൂ' എന്ന രണ്ട് മന്ത്രങ്ങളാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ ആയിരിക്കുമ്പോഴേ പുതിയ കാര്യങ്ങൾ പഠിക്കാനുള്ള ആഗ്രഹം ഉണ്ടാകൂ. അങ്ങനെ പഠിക്കുമ്പോൾ വലിയ വലിയ സ്വപ്നങ്ങൾ ഉണ്ടാകും. വലുതായി എന്തെങ്കിലും ചെയ്യാൻ ആഗ്രഹം ഉണ്ടാകും. 'ജീവൻ നൽകിയും ഇത് നേടണം എന്ന് ചിന്ത ഉണ്ടാക്കുന്ന ആഗ്രഹങ്ങൾ പ്രാവർത്തികമാക്കണം' എന്ന് പറയുന്നു സ്റ്റീവ് ജോബ്സ്.

## സന്തോഷം നൽകുന്ന ആഗ്രഹങ്ങൾ

പുരാതന ഈജിപ്തിൽ ജീവിച്ച ജനതയ്ക്ക് ഒരു വിശ്വാസമുണ്ട്. മരിച്ച് സ്വർഗത്തിൽ ചെല്ലുമ്പോൾ കവാടത്തിൽ അവരോട് രണ്ട് ചോദ്യങ്ങൾ ചോദിക്കുമത്രെ. ആ ചോദ്യങ്ങൾക്ക് അവർ പറയുന്ന ഉത്തരമാണ് അവർക്ക് സ്വർഗത്തിൽ കടക്കാൻ അർഹതയുണ്ടോ എന്ന് നിർണയിക്കുന്നത്.

'നീ നിന്റെ ജീവിതത്തിൽ സന്തോഷം കണ്ടിട്ടുണ്ടോ', 'നിന്റെ ജീവിതം മറ്റുള്ളവർക്ക് സന്തോഷം നൽകിയിട്ടുണ്ടോ' ഇവയാണ് ആ ചോദ്യങ്ങൾ. നാം എങ്ങനെ ആഗ്രഹിക്കണം എന്നതിന് വഴികാട്ടിയാകുന്നു ഇത്. നമുക്കും മറ്റുള്ളവർക്കും സന്തോഷം നൽകുന്ന കാര്യങ്ങൾ മാത്രം ആഗ്രഹിക്കാം.

## പറയാതെ പോയ ആഗ്രഹങ്ങൾ

നാമെല്ലാവരും പല വിധ ആഗ്രഹങ്ങളോടെയാണ് ജീവിക്കുന്നത്. ചില നേരങ്ങളിൽ ആ ആഗ്രഹങ്ങളിൽ ഒന്ന് നടക്കുമ്പോൾ, 'ഇതിനു വേണ്ടിയാണ് ആഗ്രഹിച്ചത്' എന്ന് ആ ആഗ്രഹം വെളിപ്പെടുത്തും. പക്ഷേ, 'ഇതെല്ലാം പുറത്തു പറഞ്ഞാൽ കളിയാക്കും' എന്ന് നാണിച്ച് പല ആഗ്രഹങ്ങളും പറയാറില്ല. ഉറ്റ സുഹൃത്തുക്കളോടും ബന്ധുക്കളോടും പോലും പറയണമെന്ന് തോന്നി പറയാതെ പോയ ആഗ്രഹങ്ങൾ ഓരോ മനസ്സിലും ഉണ്ട്.

കുട്ടിയായിരുന്നപ്പോൾ ഊഞ്ഞാലാടിയിട്ടുണ്ടായിരിക്കും. വാഴത്തണ്ടിൽ വള്ളം ഉണ്ടാക്കി കളിച്ചിട്ടുണ്ടായിരിക്കും. വളർന്നു കഴിയുമ്പോൾ എവിടെയെങ്കിലും ഇവ കാണുമ്പോൾ ആഗ്രഹം തോന്നും. 'മറ്റുള്ളവർ കളിയാക്കും.' എന്നതു കൊണ്ട് ശാന്തമായി അകന്നു പോകും. മറ്റുള്ളവർക്ക് ദുഃഖം ഉണ്ടാക്കാതെ നമുക്ക് സന്തോഷം ലഭിക്കുമെങ്കിൽ, ആ ആഗ്രഹങ്ങൾ സഫലമാക്കാവുന്നവയാണ്. മറ്റുള്ളവർ എന്ത് കരുതുമെന്ന് നിരാശപ്പെടേണ്ടതില്ല. നിങ്ങളുടെ ചെറിയ, ചെറിയ ആഗ്രഹങ്ങൾ നിറവേറ്റണം.





# ആഗ്രഹങ്ങൾ വളരും

ഒരു കുഞ്ഞിനെ കളിപ്പാട്ടങ്ങൾ വിൽക്കുന്ന കടയിൽ കൊണ്ടുപോയാൽ, അവിടെയുള്ള എല്ലാ കളിപ്പാട്ടങ്ങളും അത് ആവശ്യപ്പെടും. തനിക്ക് എത്ര കളിപ്പാട്ടങ്ങൾമതിയാകുംഎന്ന്കുഞ്ഞിന് അറിയില്ല. അതിന്റെ ആഗ്രഹങ്ങൾക്കും അതിരുകളില്ല.

വളർന്ന ശേഷമാണ് ഈ അതിര് എല്ലാവരും മനസ്സിലാക്കുന്നത്. ഭക്ഷണം ആസ്വദിച്ച് കഴിക്കുന്ന ഒരാൾ, ഒരു നല്ല ഹോട്ടലിൽ മെനു കാർഡ് കണ്ടതും ധാരാളം ഭക്ഷണങ്ങൾ ഓർഡർ ചെയ്യാൻ ആഗ്രഹിക്കും. പക്ഷേ, നമുക്ക് ഇത്രയേ കഴിക്കാനാകൂ എന്ന അളവ് അറിയുന്നതു കൊണ്ട് അതിന് അനുസൃതമായി മികച്ചവ മാത്രം വാങ്ങി കഴിക്കും. ആഭരണക്കടയിലെത്തുന്ന ഒരു യുവതി, അവിടെയുള്ള എല്ലാ ആഭരണങ്ങളും ആഗ്രഹത്തോടെ ധരിച്ചു നോക്കും. പല ആഭരണങ്ങൾ വാങ്ങാൻ ആഗ്രഹിക്കും. അവയുടെ വില മാത്രമാണ് ആ ആഗ്രഹങ്ങളെ തടുക്കുന്നത്.

അടുപ്പിലെ തീയതി കൂടുതൽ വിറകുകൾ വയ്ക്കുന്തോറും ആ തീ വളർന്നു കൊണ്ടിരിക്കും. അത്തരത്തിൽ ഓരോരുത്തരുടെയും ജീവിതത്തിലും പുതിയ പുതിയ ആഗ്രഹങ്ങൾ ആയിരക്കണക്കിന് ഉണ്ടാകും. ദിവസംതോറും മനസ്സിൽ തോന്നുന്ന ആഗ്രഹങ്ങൾ ഒരു കുറിപ്പിൽ എഴുതിവയ്ക്കാൻ ആരംഭിച്ചാൽ, ലോകത്തിലെ ഏറ്റവും വലിയ പുസ്തകമായി മാറും അത്.

അങ്ങനെ എഴുതി വച്ചത് ചില മാസങ്ങൾ കഴിഞ്ഞ് വായിച്ചു നോക്കിയാൽ ഒരു കാര്യം മനസ്സിലാകും. നമ്മുടെ പല ആഗ്രഹങ്ങളും അബദ്ധം ആയിരിക്കും. യഥാർത്ഥത്തിൽ നമുക്ക് സന്തോഷമായി ജീവിക്കാൻ ഇത്രയും കാര്യങ്ങൾ ആവശ്യമില്ല. ഒരു മാവിൽ വർഷംതോറും പുതിയ മാങ്കുലകൾ ഉണ്ടാകുന്നതു പോലെ, ആഗ്രഹങ്ങൾ തുടർച്ചയായി വന്നു കൊണ്ടേയിരിക്കും. അവ ഒരിക്കലും വിളഞ്ഞു പഴുക്കാറില്ല.

ഈ ലോകത്ത് ഏറ്റവും വേഗത്തിൽ

സഞ്ചരിക്കുന്ന റോക്കറ്റിനേക്കാൾ വേഗത്തിൽ ചിന്തിക്കാൻ ശേഷിയുള്ളതാണ് മനുഷ്യ മനസ്സ്. ആ ചിന്തയുടെ ഒരു ഭാഗം ആഗ്രഹങ്ങൾ ആയിരിക്കും. ഒരു ദിവസം ഒരു മനുഷ്യ മനസ്സിൽ ഉണ്ടാകുന്ന ആഗ്രഹങ്ങൾ എല്ലാം നിറവേറി എന്നിരിക്കട്ടെ. അതിന്റെ അനന്തരഫലങ്ങൾ ദുരന്തമായിരിക്കും.



രാവിലെ വൈകി എഴുന്നേൽക്കുന്നു ഒരാൾ. അലാറം അടിച്ചതു പോലും കേട്ടില്ല. തിരക്കിട്ട് പുറപ്പെട്ട് ട്രാഫിക്കിൽ കുടുങ്ങി. 'ഈ മോട്ടോർ സൈക്കിളിന് ചിറക് ഉണ്ടായിരുന്നെങ്കിൽ പെട്ടെന്ന് ഓഫീസിൽ എത്താൻ കഴിയുമായിരുന്നു' എന്ന് ആഗ്രഹിക്കുന്നു. അതൊന്ന് ചിന്തിച്ചു നോക്കൂ. റോഡിൽ തലങ്ങും വിലങ്ങും വാഹനങ്ങൾ ഓടുന്നതുപോലെ,ആകാശത്തും സംഭവിക്കും. റോഡിൽ ട്രാഫിക്ക് നിയന്ത്രിക്കാൻ സംവിധാനങ്ങൾ ഉണ്ട്. ആകാശത്തോ? ദുരന്തങ്ങൾ സംഭവിക്കും.

പെട്ടെന്ന് മഴ പെയ്താൽ, വീട്ടിലിരുന്ന് ജനാലയിലൂടെ അത് രസിക്കും ഒരാൾ, ആ മഴ ഏറെ നേരം പെയ്യണമെന്ന് ആഗ്രഹിക്കും. മഴ നനയാതെ ബൈക്ക് നിർത്തി ബസ് സ്റ്റോപ്പിൽ കയറി നിൽക്കുന്നു മറ്റൊരാൾ. 'ഈ മഴയ്ക്ക് രാത്രി മാത്രം പെയ്താൽ പോരേ' എന്ന് ആഗ്രഹിക്കും. ഇത്തരം ആഗ്രഹങ്ങളിൽ പ്രകൃതി തന്നെ ആശയക്കുഴപ്പത്തിലാകും. വേനൽക്കാലത്ത് സ്വന്തം നാട് ഊട്ടിയും കൊടൈക്കനാലും പോലെ ആകണം എന്ന് ആഗ്രഹിക്കുന്ന മനുഷ്യർ ധാരാളം. അങ്ങനെ മാറിയാൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ മാറിപ്പോകും.

പ്രായോഗികമല്ലാത്തതും പ്രകൃതിക്ക് നിരക്കാത്തതുമായ ആഗ്രഹങ്ങൾ പ്രശ്നങ്ങൾ മാത്രമായിരിക്കും ഉണ്ടാക്കുക. നിരർത്ഥകമായ ആഗ്രഹങ്ങൾ ആവർത്തിക്കുമ്പോൾ മനസ്സമാധാനം നഷ്ടപ്പെടും. സ്വാഭാവികമായി കൈവരിക്കാൻ കഴിയാത്തതും വിലപിടിപ്പുള്ളതുമായ ആഗ്രഹങ്ങൾ ആയിരിക്കും ഭൂരിഭാഗവും. ആ ആഗ്രഹം നിരാശയിൽ കൊണ്ടെത്തിക്കും. ഇത്തരത്തിൽ പല നിരാശകൾ മനസ്സിൽ കുമിഞ്ഞു കൂടുമ്പോൾ, 'ആഗ്രഹിച്ച കാര്യങ്ങൾ ഒന്നും നേടാൻ കഴിയാത്ത ഈ ജീവിതം ജീവിതമാണോ' എന്ന വിരക്തി ഉണ്ടാകും. അങ്ങനെ ആത്മവിശ്വാസം നഷ്ടപ്പെടും. തുടർന്ന്, സ്വാഭാവികമായ രീതിയിൽ ജോലികൾ ചെയ്യാൻ പോലും കഴിയില്ല.

ദൈവത്തിനു പോലും ആഗ്രഹിച്ച കാര്യങ്ങൾ നടന്നിട്ടില്ലെന്ന് പുരാണങ്ങളിൽ വായിച്ചിട്ടുണ്ടായിരിക്കും. അതിനാൽ, ആഗ്രഹം ഉണ്ടാകുമ്പോൾ 'ഇത് നമുക്ക് അത്യന്താപേക്ഷിതമല്ലാത്ത കാര്യമാണ്. ഇത് ഇല്ലെങ്കിലും നമുക്ക് സന്തോഷത്തോടെ ജീവിക്കാൻ കഴിയും. ഇതിനേക്കാൾ പ്രധാനപ്പെട്ട ആഗ്രഹങ്ങൾ നമുക്ക് ഉണ്ട്' എന്ന് മനസ്സിലാക്കി ആ ആഗ്രഹം ഒഴിവാക്കണം.


തെറ്റായ ആഗ്രഹങ്ങൾ വളർന്നു കൊണ്ടേയിരിക്കും. പക്ഷേ, വിളക്കിനു ചുറ്റും പറക്കുന്ന ഈയാമ്പാറ്റകൾ പോലെ ആ ആഗ്രഹങ്ങൾക്കു ചുറ്റും നാം വലം വയ്ക്കരുത്. ●

# ആഗ്രഹ മൊഴികൾ

- ആഗ്രഹങ്ങൾക്ക് അതിരുകൾ ഇല്ല. അതാണ് ലോക നിയമം. ഈ പ്രപഞ്ചം രൂപപ്പെട്ടതിന് കാരണം തന്നെ ആഗ്രഹമാണ്.
- ജീവിതത്തിൽ വിജയിക്കണം എന്ന ശമിക്കാത്ത ആഗ്രഹമാണ് നിങ്ങളെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കുന്നത്.
- നിങ്ങളുടെ ന്യായമായ ആഗ്രഹങ്ങൾ എല്ലാം യാഥാർത്ഥ്യമായാൽ, നിങ്ങളുടെ സ്വപ്നങ്ങൾ എല്ലാം യഥാർത്ഥ്യമാകും.
- എല്ലാ വിജയങ്ങളുടെയും ആരംഭ ബിന്ദു ഏതോ ഒരു മനുഷ്യന്റെ ആഗ്രഹമാണ്. വെറും വിശ്വാസങ്ങളോ ഇഷ്ടങ്ങളോ ഒന്നും മാറ്റില്ല.
- എപ്പോഴും ഏതെങ്കിലും ഉപയോഗപ്രദമായ ഒരു വിഷയം പഠിക്കാൻ ആഗ്രഹിക്കണം.
- നിങ്ങളുടെ ആഗ്രഹം കരുത്തുറ്റതായിരുന്നാൽ, അതിന് വിജയിക്കാനുള്ള ഊർജം ലഭിക്കും. ഊർജം വലിയ തോതിൽ ലഭിക്കുമ്പോൾ, വിജയവും വലുതായിരിക്കും.
- ആഗ്രഹങ്ങൾ മോശം കാര്യമല്ല. പക്ഷേ, അത്യാഗ്രഹങ്ങൾക്ക് അടിമയാകുന്നത് മോശമായ കാര്യം.
- അർഹതയ്ക്കും അപ്പുറം ആഗ്രഹിക്കരുത്. പക്ഷേ നിങ്ങളുടെ അർഹത എന്താണെന്ന് മറ്റുള്ളവർ തീരുമാനിക്കരുത്.
- വിജയികളായ മനുഷ്യർ, 'നേട്ടങ്ങൾ കൈവരിക്കണം' എന്ന ആഗ്രഹം കൊണ്ടാണ് ഉയരങ്ങളിൽ എത്തുന്നത്. 'മറ്റുള്ളവരെ തോൽപിക്കണം' എന്ന ആഗ്രഹം കൊണ്ടല്ല.
- ആഗ്രഹമാണ് ഏത് പരിശ്രമത്തിന്റെയും അടിത്തറ. ആഗ്രഹം മാത്രം പോരാ. ദൃഢനിശ്ചയത്തോടെയുള്ള പ്രവർത്തിയും തളരാത്ത അധ്വാനവും ഉണ്ടെങ്കിൽ മാത്രമേ വിജയിക്കാൻ കഴിയൂ.
- പാടത്ത് മുളയ്ക്കുന്ന കളകൾ, വിളകളെ ബാധിക്കും. മനസ്സിൽ മുളയ്ക്കുന്ന തെറ്റായ ആഗ്രഹങ്ങൾ മനുഷ്യന്റെ ഗുണങ്ങളെ ബാധിക്കും.
- തെറ്റായ ആഗ്രഹങ്ങൾക്ക് അടിമയായവർ, ആഗ്രഹങ്ങളുടെ മലവെള്ളപ്പാച്ചിലിൽ പെട്ടുപോകും. ചിലന്തി താൻ നെയ്ത വലയിൽ തന്നെ കുടുങ്ങുന്നതു പോലെ ആകും.
- ആഗ്രഹങ്ങൾ, വികാരങ്ങൾ, ജ്ഞാനം... ഇവ മൂന്നുമാണ് മനുഷ്യരുടെ പെരുമാറ്റം നിർണയിക്കുന്നത്.
- കാലം നമ്മോട് കളിക്കുകയാണ്. അതിനാലാണ് ആയുസ്സ് തേയുന്നത്. പക്ഷേ ആഗ്രഹങ്ങൾ മാത്രം തളരാതിരിക്കും.
- നിങ്ങളുടെ പക്കൽ കഴിവും ന്യായമായ ആഗ്രഹവും ഉണ്ടെങ്കിൽ, നിങ്ങൾ ഇഷ്ടപ്പെടുന്ന എന്തും നിങ്ങൾക്ക് സാധിക്കാം.
- ആഗ്രഹങ്ങൾ കുറയുമ്പോൾ സന്തോഷത്തിന്റെ അളവ് അധികരിക്കും.
- 'മുന്നേറണം' എന്ന ആഗ്രഹം ഒരു വശത്ത്. 'ജീവിതം അനുഭവിക്കണം' എന്ന ആഗ്രഹം മറു വശത്ത്. ഈ രണ്ടിനുമിടയിൽ ഓരോ ദിവസവും ചാഞ്ചാടുന്നതാണ് ജീവിതം.
- നിങ്ങളുടെ ആഗ്രഹം എത്ര കരുത്തുറ്റത്, നിങ്ങളുടെ സ്വപ്നം എത്ര വലുത്, നിരാശകൾ എങ്ങനെ സഹിക്കും എന്നതിന് അനുസരിച്ചാണ് നിങ്ങളുടെ വിജയത്തിന്റെ അളവ്.
- ആഗ്രഹമില്ലാതെ ഒരു മനുഷ്യനും ഒരു കാര്യവും ചെയ്യില്ല. ഒരു ആഗ്രഹത്തിന്റെ പ്രചോദനത്താലാണ്, ആഗ്രഹം നിറവേറാൻ എന്തും ചെയ്യുന്നത്.
- ഒരു മരം മുറിച്ചാലും അതിന്റെ വേരുകൾക്ക് ക്ഷതമേറ്റില്ലെങ്കിൽ അത് വീണ്ടും തളിർക്കും. സമാനമായി, തെറ്റായ ആഗ്രഹങ്ങളുടെ വേരുകൾ ക്ഷയിക്കാത്തിടത്തോളും ദുഃഖം വളരും.
- ആഗ്രഹത്തിന് നാണക്കേടില്ല. മീശ നരച്ചാലും ആശ നരയ്ക്കില്ല.



- ആഗ്രഹമാണ് ദുഃഖത്തിന് കാരണം. ആഗ്രഹം വന്നാൽ ക്ഷമ മറന്നു പോകും.
- നിങ്ങളുടെ മഹത്തായ ആഗ്രഹം എങ്ങനെയും യാഥാർത്ഥ്യമാക്കി കാട്ടുന്നതാണ് നിങ്ങൾ ചെയ്യേണ്ട മികച്ച കാര്യം.
- ബുദ്ധിവൈഭവം നിങ്ങളുടെ ആഗ്രഹത്തിന് കണ്ണുകളായും നിങ്ങളുടെ ചിത്തത്തിന് വഴികാട്ടിയായും മാറും.



- ❖ വലിയ, വലിയ ആഗ്രഹവും അത് നേടണം എന്ന ദൃഢനിശ്ചയവും ഇല്ലാത്ത മനസ്സ് ഉറങ്ങുന്ന അഗ്നിപർവതം പോലെയാണ്. അത് അനന്തരഫലങ്ങൾ ഒന്നും ഉണ്ടാക്കില്ല.
- ❖ വിജയികൾക്കും പരാജിതർക്കും കഴിവിൽ വലിയ വ്യത്യാസമുണ്ടായിരിക്കില്ല. ഇഷ്ടപ്പെടുന്ന ഒരു കാര്യം എങ്ങനെയും നേടണം എന്ന ആഗ്രഹമുള്ളവർ ജയിക്കും. ഇല്ലാത്തവർ തോൽക്കും.
- ❖ 'ഇത് നേടാനുള്ള യോഗ്യതയും കഴിവും നമുക്ക് ഉണ്ടോ' എന്ന് അളന്നു നോക്കി ആഗ്രഹിക്കണം.
- ❖ ഈ ലോകത്ത് തുടർന്ന് മാറ്റിക്കൊണ്ടിരിക്കുന്നത് രണ്ട് വികാരങ്ങളാണ്. ഒന്ന്, ഭയം. മറ്റൊന്ന്, ആഗ്രഹം.
- ❖ ഒന്നിനും ആഗ്രഹിക്കാത്തവരാണ്, എല്ലാം നേടി സന്തോഷത്തോടെ ജീവിക്കുന്നവർ.
- ❖ ജീവിതത്തിൽമുന്നേറിക്കൊണ്ടേയിരിക്കാൻ ചില ആഗ്രഹങ്ങൾ ആവശ്യമാണ്.
- ❖ നിങ്ങളുടെ പക്കൽ ഇല്ലാത്തത് ആഗ്രഹിക്കണം. പക്ഷേ, കൈവശമുള്ളത് നഷ്ടപ്പെടുത്തരുത്. കാരണം, ഇപ്പോൾ നിങ്ങളുടെ പക്കലുള്ള പലതും നിങ്ങൾ മുമ്പ് നേടാൻ ആഗ്രഹിച്ചവയാണ്.
- ❖ ഈ ലോകം ചെറുതാണ്. മനുഷ്യർ ചെറിയവർ, മനുഷ്യ ജീവിതം ഹ്രസ്വം. ഇവ എല്ലാത്തേയുംകാൾ വലുതാണ് ആഗ്രഹം.
- ❖ നമുക്ക് നേടാൻ കഴിയാത്തതിനേക്കാൾ വലിയ ലക്ഷ്യങ്ങൾ നേടണം എന്ന് എപ്പോഴും ആഗ്രഹിക്കണം.
- ❖ തോൽവി നിങ്ങളെ പിന്നോട്ടു വലിക്കാൻ അനുവദിക്കരുത്. വിജയിക്കണം എന്ന ആഗ്രഹം കൂടുതൽ വലുതാക്കണം.
- ❖ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകണം. ന്യായമായി ആഗ്രഹിക്കുന്നത് എങ്ങനെ എന്ന് അവർ പഠിക്കും. ●

കഠിനാധ്വാനം ചെയ്യാതെ ഉയർച്ചയും സൗകര്യങ്ങളും ലഭിക്കണമെന്ന് ആഗ്രഹിക്കും ഒരാൾ. മറ്റൊരാൾ തനിക്ക് നൽകിയ ജോലി മറ്റെല്ലാവരേയുംകാൾ മികവോടെ ചെയ്യും. ആ ജോലിയെ സ്നേഹിച്ച് ആഗ്രഹത്തോടെ ചെയ്യും. അതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് വേവലാതിപ്പെടില്ല. ഉയർച്ചകൾക്ക് ആഗ്രഹിച്ചില്ലെങ്കിലും, ഈ രണ്ടാമത്തെ മനുഷ്യനായിരിക്കും അവയെല്ലാം ലഭിക്കുന്നത്.

നമ്മുടെ പ്രവർത്തിയുടെ പിന്നിലും ആഗ്രഹമാണ് ഉള്ളത്. അതാണ് പ്രേരകശക്തിയായി നമ്മെ പ്രവർത്തനനിരതരാക്കുന്നത്. നാം നടക്കാൻ ആഗ്രഹിക്കുമ്പോൾ നടക്കും. വിശ്രമിക്കാൻ ആഗ്രഹിക്കുമ്പോൾ വിശ്രമിക്കും. ഭക്ഷണം കഴിക്കാൻ ആഗ്രഹിക്കുമ്പോൾ കഴിക്കും. വ്രതമിരിക്കാൻ ആഗ്രഹിച്ചാൽ, പട്ടിണി കിടക്കും. സൗകര്യങ്ങൾക്ക് ആഗ്രഹിക്കുന്നതു കൊണ്ടാണ് ജോലി ചെയ്യുന്നത്. ഉയർച്ചയ്ക്ക് ആഗ്രഹിച്ചാൽ, ആ ജോലി നന്നായി ചെയ്യും.

# ആഗ്രഹമാണ് നമ്മുടെ പ്രേരകശക്തി



ആഗ്രഹങ്ങൾ ഇല്ലാതിരുന്നാൽ ജീവിതം ഇല്ല. ചെറിയ വിഷയമോ വലിയ പ്രവർത്തിയോ നാം എല്ലാം ചെയ്യുന്നതിന്റെ ആദ്യ കാരണം ആഗ്രഹമാണ്. എന്തിനു വേണ്ടി ആഗ്രഹിക്കുന്നു, എത്ര കണ്ട് ആഗഹിക്കുന്നു എന്നതാണ് ഇവിടെ പ്രധാനപ്പെട്ട ചോദ്യം. എന്തെന്നാൽ, ഓരോ ആഗ്രഹവും വ്യത്യസ്ത പാതകളിലേക്ക് നമ്മെ നയിക്കും. നാം ചെല്ലേണ്ട പാത ഏത് എന്നത് ശ്രദ്ധയോടെ, ബുദ്ധിപൂർവം തെരഞ്ഞെടുക്കണം.

ആഗ്രഹം എങ്ങനെയാണോ ദുഃഖങ്ങൾക്ക് കാരണമാകുന്നത്, സമാനമായി സന്തോഷത്തിനും ആഗ്രഹം തന്നെ കാരണം. നാം ഇഷ്ടപ്പെട്ട് നേടാൻ ആഗ്രഹിക്കുന്ന ഒന്ന് തേടിപ്പോയാൽ നമുക്ക് ദുഃഖമായിരിക്കും മിച്ചമെന്നാൽ, ആ ആഗ്രഹം കൈവിട്ടുകളയണം.

നമ്മുടെ ആഗ്രഹങ്ങൾ നമുക്ക് നന്മയും തിന്മയും ചെയ്യുന്നതു പോലെ, മറ്റുള്ളവരുടെ ആഗ്രഹങ്ങളും നമ്മുടെ ജീവിതത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. നമ്മെ വെറുക്കുന്നവരിൽ ചിലർ നമുക്ക് ദുഃഖം ഉണ്ടാകണമെന്ന് ആഗ്രഹിക്കും. ആ പരിശ്രമം അവർക്കും ദുഃഖമായിരിക്കും നൽകുക എന്നത് അവർക്ക് ബോധ്യമാകില്ല.

നമ്മെ സ്നേഹിക്കുന്നവരുടെ ആഗ്രഹങ്ങൾ എല്ലാം നമുക്ക് നന്മ ചെയ്യും. എഴുതാത്ത കടലാസ് പോലെ ഒരു കുട്ടിയായി ജനിച്ച നമ്മെ, അമ്മയുടെ ആഗ്രഹമാണ് നല്ല മനുഷ്യനായി വളർത്തിയത്. ഓരോ ഘട്ടത്തിലും സ്നേഹവും നീതിയും ഊട്ടി വളരാൻ അനുവദിച്ചത്. അമ്മയുടെ ആഗ്രഹമാണ് നമുക്ക് വിദ്യാഭ്യാസം നൽകി, നല്ല വരുമാനം നേടാനുള്ള നിലയിലേക്ക് ഉയർത്തിയത്. കൂടെപ്പിറന്നവർ, അധ്യാപകർ, ജീവിതപങ്കാളി, സുഹൃത്തുക്കൾ, ബന്ധുക്കൾ എന്നിങ്ങനെ എല്ലാവരുടെയും ആഗ്രഹങ്ങളും പരിശ്രമങ്ങളും കോർത്തിണക്കിയാണ് നമുക്ക് നല്ല ജീവിതം രൂപപ്പെടുത്തി തന്നിരിക്കുന്നത്.

നമ്മുടെ ആഗ്രഹങ്ങളും ഒറ്റപ്പെട്ടതായിരിക്കരുത്. അവ നമുക്ക് മാത്രമായവയും ആയിരിക്കരുത്. കുടുംബം, രക്ഷകർത്താക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, അയൽക്കാർ,ജീവിതത്തിൽനമുക്ക്സഹായങ്ങൾചെയ്ത് കൈത്താങ്ങായവർ എന്നിങ്ങനെ എല്ലാവരുടെയും നല്ല ജീവിതത്തിന് വളമാകുന്നതായിരിക്കണം നമ്മുടെ ആഗ്രഹങ്ങൾ. അത്തരത്തിലുള്ള ആഗ്രഹങ്ങളേ നമുക്ക് സമാധാനം നൽകൂ. ●

# അഭിനന്ദനങ്ങൾക്ക് ആഗ്രഹിക്കണം



ഭിക്ഷയെടുത്ത് ജീവിക്കുന്ന ഒരാൾ, ഒരു നാട്ടിൻപുറത്തെ മരത്തണലിൽ ഉറങ്ങുകയായിരുന്നു. ആ വഴി വന്ന ഒരു കച്ചവടക്കാരൻ അവിടെ ഇരുന്ന് ഭക്ഷണം കഴിച്ച് ക്ഷീണം തീർക്കാൻ വിശ്രമിച്ചു. അൽപ നേരം കഴിഞ്ഞ് ഉണർന്ന ഭിക്ഷക്കാരൻ, 'നിങ്ങൾ ആരാണ്? എന്തു ചെയ്യുന്നു?' എന്ന് ചോദിച്ചു.

'ഞാൻ ധാരാളം വസ്തുക്കൾ കടൽക്കരയിലുള്ള നഗരത്തിൽ നിന്ന് വാങ്ങി നാടുകൾ തോറും വിൽക്കുകയാണ്. ഇതിൽ എനിക്ക് ഒരു പങ്ക് ലാഭം ലഭിക്കും. നിങ്ങൾ എന്തു ചെയ്യുന്നു?' എന്ന് ചോദിച്ചു വ്യാപാരി.

'ഞാൻ നാടു തോറും ഭിക്ഷ യാചിച്ചു നടക്കുകയാണ്. അവരുടെ ഭക്ഷണത്തിന്റെ ഒരു പങ്ക് എനിക്ക് നൽകും. അത് എടുത്ത് ഇങ്ങനെ എവിടെയെങ്കിലും ഇരുന്ന് കഴിച്ച് ഉറങ്ങി വിശ്രമിക്കും' എന്നു പറഞ്ഞു ഭിക്ഷക്കാരൻ.

'എന്തിനാണ് ഇങ്ങനെ ജീവിക്കുന്നത്? എന്തെങ്കിലും ജോലി ചെയ്തു കൂടേ? ധാരാളം പണം സമ്പാദിക്കാം. സ്വന്തം വീട് വാങ്ങാം. നല്ല വസ്ത്രങ്ങൾ വാങ്ങി ധരിക്കാം. നല്ല ഭക്ഷണം കഴിക്കാം.'

'ഇതെല്ലാം ചെയ്തതു കൊണ്ട് ഞാൻ എന്ത് നേടാൻ പോകുന്നു?'

'സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിച്ചുകൂടേ?'

'ഇപ്പോഴും ഞാൻ അങ്ങനെയാണല്ലോ' എന്ന് ഭിക്ഷക്കാരൻ.

കച്ചവടക്കാരൻ അവനെ അടിമുടി നോക്കിയ ശേഷം, 'നിന്നെപ്പോലെ മറ്റുള്ളവരുടെ അധ്വാനത്തിൽ ഭക്ഷണം, വസ്ത്രം എന്നിങ്ങനെ എല്ലാം നേടി വെറുതേ സുഖമായി ജീവിക്കുന്ന എല്ലാവരും ചിന്തിക്കണം. നിങ്ങൾക്ക് വേണ്ടതെല്ലാം ഈ സമൂഹം നൽകുന്നുണ്ട്. പകരം നിങ്ങൾ സമൂഹത്തിന് എന്താണ് ചെയ്യുന്നത്? നീ വിശ്രമിക്കുന്ന ഈ തണൽ മരം പോലും മറ്റാരോ നട്ടതാണ്. നീ എന്താണ് ചെയ്യുന്നത്' എന്ന് ചോദിച്ചു.

ഏത് പ്രായത്തിലുള്ള മനുഷ്യനും അംഗീകാരത്തിനും അഭിനന്ദനത്തിനും ആഗ്രഹിക്കും. ഒരു കുട്ടി അഭിനന്ദനം ആഗ്രഹിച്ചു കൊണ്ടാണ് നേട്ടങ്ങൾ കൊയ്യുന്നത്. ഒരു സ്ഥാപനത്തിനു വേണ്ടി മികവോടെ അധ്വാനിക്കുന്ന ഒരാൾ, അതിനുള്ള അഭിനന്ദനം ലഭിക്കണം എന്ന് ആഗ്രഹിക്കും. ഏത് തൊഴിൽ ചെയ്യുന്നവരും, തന്റെ സേവനത്തിന് അംഗീകാരം വേണമെന്ന് ആഗ്രഹിക്കും. ഡോക്ടർ, സംഗീതജ്ഞർ, പെയിന്റർ, എഴുത്തുകാർ, പ്രാസംഗികർ എന്നിങ്ങനെ എല്ലാവരുടേയും ആഗ്രഹം ഒന്നു തന്നെയാണ്. സ്നേഹം വാരിക്കോരി നൽകുന്ന അമ്മയുടെ മനസ്സും അഭിനന്ദനം കൊതിക്കും. ഒരു നിമിഷത്തെ അഭിനന്ദനം പോലും അമ്മയുടെ മനസ്സിനെ സന്തോഷക്കടലാക്കും.

ഓരോരുത്തരും തങ്ങളുടെ കഴിവ്, യോഗ്യത, ചെയ്യുന്ന നല്ല പ്രവർത്തികൾ, അതിന്റെ അനന്തരഫലങ്ങൾ എന്നിവയെല്ലം മറ്റൊരാളുടെ വാക്കുകളിലൂടെ കേൾക്കണം എന്ന് ആഗ്രഹിക്കും. അവർക്ക് ലഭിക്കുന്ന പണത്തിനും അപ്പുറം ഇതായിരിക്കും വലുതായി അനുഭവപ്പെടുന്നത്. 'ഈ സമൂഹം എന്നെ ശ്രദ്ധിക്കുന്നുണ്ട്. എന്റെ കഴിവ് അംഗീകരിച്ച് അഭിനന്ദിക്കുന്നുണ്ട്' എന്ന ബോധ്യം അവരെ കൂടുതൽ നേട്ടം കൊയ്യാൻ പ്രേരിപ്പിക്കും. സമൂഹത്തിന് ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾക്ക് പ്രേരണയാവുകയും ചെയ്യും.

സമൂഹത്തിൽ നിന്ന് മാറി ഒറ്റപ്പെട്ട് നിൽക്കാതെ, എല്ലാവരോടും കൈകോർത്തിരിക്കണം. നമ്മെ ഓർമ്മപ്പെടുത്തുന്നതു പോലെ ഉപയോഗപ്രദമായ പ്രവർത്തികൾ ഈ സമൂഹത്തിനു വേണ്ടി ചെയ്യാൻ ആഗ്രഹിക്കണം.

# ഇത് അത്യാഗ്രഹമാണോ?

മൂന്ന് സുഹൃത്തുക്കൾ ഒരു ക്ഷേത്രത്തിലെ അന്നദാനത്തിൽ ഭക്ഷണം കഴിക്കുകയായിരുന്നു. ഏതോ ഒരു ധനികൻ തന്റെ കുട്ടിയുടെ ജന്മദിനത്തിന് ക്ഷേത്രത്തിലെത്തുന്ന എല്ലാ ഭക്തർക്കും സ്വാദിഷ്ടമായ വിഭവങ്ങൾ സഹിതം സദ്യ നൽകി. 'ഇതേ പോലെ അന്നദാനം ചെയ്യാൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ നമ്മുടെ കൈവശം പണമില്ലല്ലോ' എന്ന് മൂന്ന് സുഹൃത്തുക്കളിൽ ഒരാൾ പറഞ്ഞു. 'നമ്മുടെ കൈയിൽ ശമ്പളം എത്തും മുമ്പേ, ചെലവുകളുടെ ഒരു നീണ്ട പട്ടിക ഉണ്ടായിരിക്കുമല്ലോ' എന്ന് പറഞ്ഞു രണ്ടാമത്തെ സുഹൃത്ത്. 'കടം വാങ്ങിയാണല്ലോ ഓരോ മാസവും തള്ളി നീക്കുന്നത്' എന്ന് പുലമ്പി മൂന്നാമത്തെ സുഹൃത്ത്.

അരികിൽ ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന ഒരു സന്ന്യാസി അവരെ നോക്കി ചിരിച്ചു. 'അന്നദാനം ചെയ്യണം എന്ന് നിങ്ങൾ ചിന്തിക്കുന്നത് അത്യാഗ്രഹമല്ല. അതിന് ഇതു പോലെ അധികം ചെലവു ചെയ്യേണ്ട കാര്യവുമില്ല. ഒരു സ്പൂൺ പഞ്ചസാര ഉറുമ്പുകൾക്ക് നൽകിയാൽ, നൂറു കണക്കിന് ജീവനുകൾക്ക് ഭക്ഷണം നൽകിയ തൃപ്തി ലഭിക്കും. കൈനിറയെ അരിമണികൾ പക്ഷികൾക്ക് നൽകിയാലും അന്നദാനം തന്നെ. ആഗ്രഹം ശ്രേഷ്ഠമായിരുന്നാൽ, ദൈവം വഴികാട്ടും' എന്ന് പറഞ്ഞു അദ്ദേഹം.

നല്ല ആഗ്രഹങ്ങൾ തീർച്ചയായും നിറവേറും.


## പഠിക്കാനുള്ള ആഗ്രഹം

എന്തും പഠിക്കണം എന്ന ആഗ്രഹം നാം ജനിക്കുമ്പോഴേ നമ്മോടൊപ്പം പിറക്കും. എഴുന്നേറ്റ് നടക്കാനും, വാക്കുകൾ മനസ്സിലാക്കി സംസാരിക്കാനും ഒരു കുട്ടി ഇതിനാലാണ് പഠിക്കുന്നത്. ആ പഠനമാണ് മനുഷ്യകുലത്തിനെ നാഗരികമാക്കി മാറാൻ പ്രാപ്തമാക്കുന്നത്.

50 വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നതു പോലെയല്ല ലോകം ഇപ്പോൾ. നാം യാത്ര ചെയ്യുന്ന വിധം മാറി. നമ്മുടെ ആശയവിനിമയ മാർഗങ്ങൾ മാറി. നമ്മുടെ വിനോദോപാധികൾ മാറി.

നമ്മുടെ ജീവിതത്തെ മധുരവും ലളിതവുമാക്കാൻ ആവശ്യമായ എല്ലാം നേടാൻ ആഗ്രഹിക്കണം. നിങ്ങൾക്കും സമാധാനം ഉണ്ടാകും, ലോകവും ഭംഗിയുള്ളതായി കാണപ്പെടും.





## ആഗ്രഹങ്ങൾ വെളിപ്പെടുത്തേണ്ടതുണ്ടോ?

'ആഗ്രഹങ്ങൾ എല്ലാം വെളിപ്പെടുത്തിയ മനുഷ്യൻ' എന്ന് ആരെങ്കിലും പറഞ്ഞാൽ അവർ കള്ളം പറയുകയാണ് എന്ന് അർത്ഥം. ആഗ്രഹങ്ങൾ പൂർണമായും വെളിപ്പെടുത്തിയവർ ആരുമില്ല. മനുഷ്യനായ എല്ലാവർക്കും ആഗ്രഹം തീർച്ചയായും ഉണ്ടാകും. ചെറിയ, ചെറിയ ആഗ്രഹങ്ങളിൽ ആരംഭിച്ച് ആരോടും പറയാൻ കഴിയാത്ത ആഡംബര ആഗ്രഹങ്ങൾ വരെ പട്ടിക നീളും. ആഗ്രഹങ്ങളെ കൃത്യമായി ചിട്ടപ്പെടുത്തിയവർ ഉണ്ട്.

അത്യന്താപേക്ഷിതം, അത്യാവശ്യം, ആവശ്യം എന്നിങ്ങനെ ആഗ്രഹങ്ങൾക്ക് വ്യത്യസ്ത വാക്കുകൾ ഉണ്ട്. സ്വപ്നങ്ങളുടെ തുടർച്ചയാണ് ഈ ആഗ്രഹങ്ങളുടെ ഉദയം. സ്വപ്നങ്ങൾ എങ്ങനെ പ്രധാനപ്പെട്ടതാണോ, സമാനമായി ആഗ്രഹങ്ങളും പ്രധാനപ്പെട്ടവ തന്നെ. അത്യാവശ്യങ്ങൾക്കുള്ള ആഗ്രഹങ്ങൾ സത്യസന്ധമായത്. പക്ഷേ അത്യാഗ്രഹം അരുത്. സൃഷ്ടി, സംഹാരം എന്നീ രണ്ട് വാക്കുകളുടെ അർത്ഥങ്ങൾ അവയാണ് കൂടുതൽ ബോധ്യപ്പെടുത്തുന്നത്.



## മനസ്സ് എന്തു ചെയ്യും?

സ്നേഹത്തിന് ദാഹിക്കാത്തവർ ഉണ്ടോ? നല്ല ശീലങ്ങൾ ആഗ്രഹിക്കാത്തവർ ഉണ്ടോ? സന്തോഷം നിരാകരിക്കുന്നവർ ഉണ്ടോ? എന്നാൽ ഇവയെല്ലാം 'ആഗ്രഹം' എന്ന പട്ടികയിലാണ് വരുന്നത്. ആഗ്രഹങ്ങൾ ഇല്ലാത്ത ജീവിതം ഇല്ല. അത്തരത്തിലുള്ള ജീവിതം വിരസത നൽകും.

നിങ്ങളുടെ മനസ്സും മസ്തിഷ്കവും ചേർന്ന് രൂപപ്പെടുത്തുന്ന ഇഷ്ടങ്ങളാണ് 'ആഗ്രഹങ്ങൾ' എന്ന പട്ടികയിൽ ഇടം പിടിക്കുന്നത്. ഈ പട്ടിക എപ്പോഴും നീണ്ടുകൊണ്ടേയിരിക്കും. പക്വതയുള്ള മനസ്സിന് അത് നിയന്ത്രിച്ച്അനാവശ്യമായ ആഗ്രഹങ്ങളെഒഴിവാക്കാൻ അറിയാം. നിറവേറാത്ത ആഗ്രങ്ങളെക്കുറിച്ച് ചിന്തിച്ച് ദുഃഖിക്കാതിരിക്കാനും അറിയാം. അത്തരത്തിലുള്ള മനസ്സ് വേണമെന്നതായിരിക്കട്ടെ ഓരോരുത്തരുടേയും ആഗ്രഹം.





## എന്തിനു വേണ്ടി ആഗ്രഹിക്കണം?

ജീവിതനിയമങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തിക്കഴിഞ്ഞ ഒരു സന്ന്യാസിയോട്, 'നാം എന്ത് നേടാനാണ് ആഗ്രഹിക്കേണ്ടത്' എന്ന് ഒരു യുവാവ് ചോദിച്ചു. സന്ന്യാസി അവനെ ഏറെ നേരം നോക്കിയ ശേഷം, 'നീ റോഡിൽ പോകുന്നു. സുന്ദരിയായ ഒരു പെൺകുട്ടി എതിരിൽ വരുന്നു. നീ എന്തു ചെയ്യും?' എന്ന് ചോദിച്ച്. 'ആസ്വദിച്ച് നോക്കും. ഞാൻ മാത്രമല്ല, പലരും അതു തന്നെ ചെയ്യും' എന്ന് അവൻ പറഞ്ഞു. 'ശരി, മോഹത്തോടെ നോക്കിയ ആ പെണ്ണിന്റെ മുഖം എത്ര നേരം മനസ്സിൽ ഉണ്ടായിരിക്കും?' എന്ന് സന്ന്യാസി വീണ്ടും ചോദിച്ചു. 'മറ്റൊരു സുന്ദരിയായ പെൺകുട്ടിയെ കാണും വരെ ചില നിമിഷങ്ങൾ മനസ്സിൽ ഉണ്ടായിരിക്കും' എന്ന് പറഞ്ഞു യുവാവ്.

'ശരി, മറ്റൊരു കാര്യം പറയാം. അടുത്ത നഗരത്തിലുള്ള ഒരാൾക്ക് പ്രസാദം കൊണ്ടു പോയി നൽകാൻ ഞാൻ നിന്നെ അയക്കുന്നു. നീ പോകുന്നു. അവിടെചെന്നശേഷമാണ്, ആ വ്യക്തി ആ നഗരത്തിലെ ഏറ്റവും വലിയ ധനികനാണെന്ന് മനസ്സിലാകുന്നത്. നീ വിഷയം വാതിലിൽ നിൽക്കുന്ന കാവൽക്കാരനോട് പറഞ്ഞതും, ആ ധനികൻ നേരിട്ട് വന്ന് നിന്നെ വരവേൽക്കുന്നു. സ്നേഹത്തോടെ നിന്നെക്കുറിച്ച് ചോദിച്ചറിഞ്ഞ്, ഭക്ഷണം നൽകുന്നു. നിന്നെ ബസ് സ്റ്റാൻഡിൽ കൊണ്ടാക്കാൻ ഡ്രൈവറോട് പറഞ്ഞ് അദ്ദേഹത്തിന്റെ കാറിൽ കയറ്റി വിടുന്നു. അദ്ദേഹത്തെ എത്ര നേരം ഓർമ്മയിൽ വയ്ക്കും?' എന്ന് ചോദിച്ചു സന്ന്യാസി. 'ആയുസ്സു മുഴുവനും മറക്കില്ല' എന്ന് പറഞ്ഞു സന്ന്യാസി.

സന്ന്യാസി അവനോടായി മാത്രമല്ല അവിടെ വന്നിരിക്കുന്ന എല്ലാവരോടുമായി പറഞ്ഞു....'നല്ല ഭംഗിയേക്കാൾ നല്ല സ്നേഹത്തിന് ആഗ്രഹിക്കണം. ആ ആഗ്രഹമാണ് പരിശുദ്ധമായത്.'

RAMRAJ നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം.

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക് / ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
**രാംരാജ് വി ടവർ.**
**10, ചെങ്കുന്തപുരം, മംഗലം റോഡ്,**
**തിരുപ്പൂർ-641 604**
**email: venmaii@ramrajcotton.net**

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
**ഫോൺ:**
**0421-4304106, 98422 74137**

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്**
**ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**



Owned, Published by K.R.NAGARAJAN, Published from 10, Sengunthapuram, Mangalam Road, TIRUPUR–641 604 &
Printed by B.ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai-600014. Editor : T.J.GNANAVEL




SUKRA® SUPER FINE COTTON VESTS | RISE-UP® Premium Banians | ROMEX® BANIANS | BRIEF | TRUNKS | COMPACT® PREMIUM COTTON RIB VESTS | Breeze® Eye Let Vests | WinStripe® STRIPED BANIANS | ARCHERY® Gym Vest | ACOSTE® BANIANS | BRIEF | TRUNKS

suriya® RICH COTTON BRIEF | udaya® RICH COTTON BRIEF | minar® FINE COTTON BRIEF | merc® MERCERISED BRIEF | target® FINE TRUNKS | softex® FINE TRUNKS | imaxs® RIB TRUNKS | ARROW® RIB TRUNKS | VINTRACK® FINE TRUNKS

Available @ Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-07-2024.Posted at Tirupur BPC on 5th of every month.

